www.malankaralibrary.com

Vol. 47, Issue 05 & 06, May −June 2025 Date of Publication : 15 June 2025
Place of Publication : Ernakulam. RNI No. KER/MAL/29523/78

# താലന്ത്

A JOURNAL FOR ADULT CATECHESIS



www.malankaralibrary.com



www.malankaralibrary.com

# താളുകളിലൂടെ............


എഡിറ്റോറിയൽ 5 - 6

യുവജനം : ആനന്ദത്തിന്റെ പ്രേഷിതർ
**മോനു ജോസഫ്** 7 - 15

ദൈവവിളികൾക്കായുള്ള 62-ാമത് ആഗോള
പ്രാർഥനാദിനത്തിൽ (മേയ് 11, 2025)
പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം 16 - 22

ദൈവവിളി കത്തോലിക്കാസഭയിൽ
**സി. മെൽവിൻ OSS** 23 - 25

യേശുവിന്റെ പ്രാർഥനകൾ
**ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി** 26 - 28

കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ
**ബ്രദർ തോമസ് പോൾ കൊടിയൻ** 29 - 33

പാപസർപ്പപിശാചിന്റെ തല തകർക്കുവാൻ വരുന്ന
സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ
**എം. കോഴിമണ്ണിൽ** 34 - 35

ഗാനമൂല - ക്രിസ്തുവിന്റെ യുവജനങ്ങൾ
**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി** 36

ബൈബിൾ ചെറുകഥ - ഒരു യാത്രയുടെ തുടക്കം
**ഗ്രേസി ജോർജ്ജ്, മാനന്തവാടി രൂപത** 37 - 41

ബൈബിൾ കവിത - മരിച്ചുയിർത്ത ക്രിസ്തുവും
മരിച്ചുയിർക്കുന്ന സഭയും
**സി.രാജൻ, കണ്ണൂർ രൂപത** 42 - 45

ചെറുകഥ - ഒരു ഇവന്റ്മാനേജ്മെന്റ് യാത്രയയപ്പ്
**ജെയിംസ് ചൂരനോളി** 46 - 50

കെസിബിസി ബൈബിൾ കമ്മീഷൻ
ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ 51 - 56

വാർത്തകൾ 57 - 65

സമീക്ഷകൻ
**ആന്റണി ചടയംമുറി** 66

www.malankaralibrary.com


# Talent Magazine

**MONTHLY**

A Journal For
Adult Catechesis
From The Secretariat
of KCBC, POC.

**Volume : 47, Issue No. 05, 06**
**May - June 2025**

Place of Publication : Ernakulam
RNI No. KER/MAL/29523/78



| | | |
|---|---|---|
| Chief Editor | : | Rev. Fr. Tony Kozhimannil |
| Managing Editor | : | Rev. Fr. Thomas Tharayil |
| Associate Editor | : | Rev. Dr. Michael Pulickal CMI |
| Editorial Board | : | Rev. Fr. Sebastian Milton Kalappurackal |
| | | Rev. Fr. Kleetus Kathirparambil |
| | | Rev. Dr. Joju Kokkatt |
| | | Dr. K.M. Francis |
| | | Mr. Joy Gothuruth |
| | | Chev. Dr. Premus Perinchery |
| | | Dr. Nycil Romis Thomas |
| Circulation Manager | : | Sr. Solly Chacko DCPB |
| Design & Layout | : | Mrs. Mary Ambily Jose |



**Talent Publication Society**
P.O.C., Palarivattom, Kochi - 682 025
Mob: 944 744 1109, Email : thalenthu@gmail.com

www.malankaralibrary.com

## എഡിറ്റോറിയൽ

# യുവത്വത്തിന്റെ സഭ



**ഫാ. ടോണി കോഴിമണ്ണിൽ**
ചീഫ് എഡിറ്റർ

യുവജനങ്ങളുമായി ബന്ധപ്പെട്ട് രണ്ട് അടിസ്ഥാനപരമായ സമീപനങ്ങളാണ് കത്തോലിക്കാ സഭയ്ക്കുള്ളത്. ആദ്യത്തേത്, ക്രിസ്തുവിന്റെ യുവത്വംപോലെ ലോകത്ത് പ്രകാശവും പ്രചോദനവും പ്രത്യാശയും പകരുന്ന സാന്നിധ്യമാകാൻ സഭ നിരന്തരം യുവജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നു. യുവജനങ്ങളിലൂടെയാണ് സഭയുടെ യുവത്വത്തിന്റെ പ്രകാശനം എന്ന ചിന്തയാണിവിടുത്തെ അടിസ്ഥാനം. രണ്ടാമതായി, ഓരോ കാലഘട്ടത്തിലും യുവത്വം നേരിടുന്ന വെല്ലുവിളികളോട് ക്രിയാത്മകമായി പ്രതികരിക്കാൻ യുവജനങ്ങളെ സഹായിക്കാൻ സഭ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. യുവജനങ്ങളെകുറിച്ചുള്ള കരുതലിൽ സഭ പുലർത്തുന്ന ജാഗ്രതയും തുറവിയും കുറച്ചുകൂടി ഗൗരവത്തിൽ നാം സ്വീകരിക്കേണ്ടതുണ്ട്.

യുവതയുടെ ഹൃദയമിടിപ്പുകൾ അറിയാനും അവരുടെ സ്വരം കേൾക്കാനും സഭയെയും ലോകത്തെയും പ്രോത്സാഹിപ്പിക്കുന്ന ഒരു സമഗ്ര രേഖ ആണ് ഫ്രാൻസിസ് പാപ്പ 2019-ൽ നല്കിയ ‘Christus Vivit". ഇത് 2018-ലെ ബിഷപ്പുമാരുടെ സിനഡിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. പ്രത്യാശയുടെയും പ്രോത്സാഹനത്തിന്റെയും സന്ദേശവുമായി യുവാക്കളെ അഭിസംബോധന ചെയ്തുകൊണ്ട് സഭയിലും ലോകത്തിലും സജീവമായി ഉൾചേരാൻ അവരെ പ്രേരിപ്പിക്കുന്നു. യുവജനങ്ങളെ ശ്രവിക്കേണ്ടതിന്റെ പ്രാധാന്യത്തിനും വിശ്വാസത്തിന്റെ യാത്രയിൽ സഭ അവരെ അനുഗമിക്കേണ്ടതിന്റെ ആവശ്യകതയ്ക്കും ഊന്നൽ നല്കിയാണ് പാപ്പ ഇതിൽ സംസാരിക്കുന്നത്. യുവജനതയോടൊപ്പം സഭ ‘ഒരുമിച്ചു നടക്കുന്ന’ ഒരു സിനഡൽ സമീപനമാണിവിടെ അവതരിപ്പിക്കപ്പെടുന്ന മറ്റൊരു പ്രധാന ആശയം. യുവജനങ്ങളുമായി കൂടുതൽ ആത്മാർത്ഥമായ സംഭാഷണ ശൈലി രൂപപ്പെടുത്തികൊണ്ട് കൂടുതൽ ഉത്തരവാദിത്വങ്ങളിൽ അവരെ പങ്കുചേർക്കുന്ന സമീപന

www.malankaralibrary.com

ത്തെ സ്വീകരിക്കാൻ ഈ രേഖ ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തുവിന്റെ സാന്നിധ്യമുള്ളതും സഭയെ പുതുക്കാനും ശക്തിപ്പെടുത്താനും കഴിയുന്നതുമായ 'ദൈവശാസ്ത്ര സ്ഥലങ്ങളായി' 'ക്രിസ്റ്റസ് വിവിറ്റ്' യുവജനത്തെ അംഗീകരിക്കുന്നു എന്നത് ശ്രദ്ധാർഹമാണ്. ജൂബിലി വർഷത്തോട് അനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ 2024 മെയ് 9 നു നല്കിയ രേഖയിലും യുവജനങ്ങളെ സവിശേഷമായി പ്രതിപാദിക്കുന്നുണ്ട്. ഭാവിയേകുറിച്ചുള്ള ആകുലതയും സംശയങ്ങളും അടങ്ങിയ ഒരു ലോകക്രമത്തെ ഉറപ്പുള്ള ബോധ്യങ്ങളിലേക്കും പരസ്പരമുള്ള ആശ്രയത്വത്തിലേക്കും നയിക്കുന്നതാണല്ലോ യാഥാർത്ഥത്തിൽ പ്രത്യാശയുടെ തീർത്ഥാടനം. കാലത്തിന്റെ അടയാളങ്ങളിൽ പ്രത്യാശ കണ്ടെത്തുക എന്ന നിയോഗം കൂടുതൽ പൂർണ്ണതയിൽ നിർവഹിക്കാൻ സാധിക്കുക യുവജനങ്ങൾക്കാണ്. പ്രത്യാശയുടെ തീർത്ഥാടകരായി സഭ യുവജനങ്ങൾക്കിടയിലേക്ക് എത്തേണ്ടതുണ്ട് എന്നതുപോലെ തന്നെ യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകരായി ഈ ലോകത്ത് വ്യാപരിക്കേണ്ടതുമുണ്ട്.

പ്രത്യാശയുടെ അടയാളങ്ങൾ യുവജനങ്ങൾക്കും ആവശ്യമുണ്ട്. ഭാവിയേകുറിച്ചുള്ള ആശങ്കകൾ, തൊഴിലില്ലായ്മ, ധാർമികമായ വെല്ലുവിളികൾ തുടങ്ങിയ നിരവധി കാരണങ്ങളാൽ അനേകർ പ്രത്യാശ ഇല്ലാതെ ജീവിക്കുന്നു. മയക്കുമരുന്നിലും മറ്റ് നൈമിഷിക സുഖങ്ങളിലും മുഴുകുന്നവർ ജീവിതത്തിന്റെ സൗന്ദര്യവും സമ്പന്നതയും നഷ്ടമാക്കുന്നു. നിരാശയിലേക്കും സ്വയം നാശത്തിലേക്കും അങ്ങനെയുള്ളവർ നിപതിക്കുന്നു. കേരളത്തിൽ പോലും വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് കേസുകളും, തൊഴിലില്ലായ്മകളും നമ്മുടെ യുവജനത്തെ എത്രമാത്രം നെഗറ്റീവ് ആയി സ്വാധീനിക്കുന്നു എന്നത് ഇനിയെങ്കിലും നമ്മുടെ കണ്ണു തുറപ്പിക്കേണ്ട വസ്തുതയാണ്.

പരസ്പരമുള്ള ബന്ധത്തെകുറിച്ചും ജീവിതത്തിന്റെ അർത്ഥത്തേകുറിച്ചുമുള്ള ചോദ്യങ്ങളോട് മികച്ച സംവേദനക്ഷമത പുലർത്താൻ സഭയുടെ യുവജനതയ്ക്ക് സാധിക്കണം. നിരവധി വെല്ലുവിളികൾ നേരിടുന്ന ഒരു ലോകത്ത് പ്രത്യാശയുടെ ഉറവിടമാകാൻ അവർ നിരന്തരം പ്രചോദിപ്പിക്കപ്പെടണം. അതിനുള്ള പ്രായോഗിക നടപടികൾക്ക് സഭ അടിയന്തര പ്രാധാന്യം നല്കേണ്ടതുണ്ട്. രൂപത-ഇടവകതലങ്ങളിലൊക്കെ നമ്മുടെ യുവജനസംഘടനകൾ ഉണർത്തപ്പെടേണ്ടതുണ്ട്. യുവജനത വിദേശത്തേക്ക് ചേക്കേറി കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിലും നാട്ടിലുള്ളവരെ ഒരുമിച്ചു നിർത്തി സേവന നിരതരാക്കാൻ നാം ഇനിയും വൈകരുത്.

*



താളുകളിലൂടെ...

www.malankaralibrary.com

**ലേഖനം**


# യുവജനം : ആനന്ദത്തിന്റെ പ്രേഷിതർ
# (Youth : Missionaries of Joy)

## ആ 'മുഖം' : ഒന്ന് ചിരിച്ചാലോ?

ഈ അടുത്ത കാലത്ത് നമ്മളിൽ മനസറിഞ്ഞു ഒന്ന് പൊട്ടിച്ചിരിച്ചവർ എത്രപേരാണ്? പ്രത്യേകിച്ച് സദാ പ്രസരിപ്പോടെ കാണപ്പെടേണ്ട യുവജനങ്ങൾ? കണക്കെടുത്താൽ ചാക്കോ മാഷ് പറഞ്ഞപോലെ 'വട്ടപ്പൂജ്യം' ആയിരിക്കും ഫലം.

കാരണം നമ്മൾ പലവിധ ആകുലതകളാൽ മനസും ജീവിതവും ശിലാസമം ആക്കുന്നു. നമ്മളൊക്കെയും മർത്തായുടെ പിന് തലമുറയിൽപെട്ടവരായിപ്പോയി.

കർത്താവ് തന്റെ പരസ്യജീവിത കാലത്തും, ഉത്ഥാനത്തിന് ശേഷവും എല്ലാം പറഞ്ഞത് നിങ്ങൾക്ക് 'സമാധാനം' എന്നാണ്. ശാശ്വത സമാധാനം ആണ് അവിടുത്തെ വാഗ്ദാനം, എന്നിട്ടും നമ്മളിൽ ഈ സമാധാനത്തിന്റെ ഒരു പരിസ്പുരണവും ഇല്ല.





**മോനു ജോസഫ്**

പൗലോസ് ശ്ലീഹ ആവർത്തിക്കുന്നു 'നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ, അപ്പോൾ സകല പ്രതിസന്ധികളെയും അതിജീവിക്കാൻ ഉള്ള ദൈവത്തിന്റെ സമാധാനം നിങ്ങളിൽ വസിക്കും' (ഫിലി 4).

www.malankaralibrary.com

പല ക്രൈസ്തവരുടെയും മുഖം കണ്ടാൽ 'ഉയിർപ്പ് തിരുനാൾ ഇല്ലാത്ത നോമ്പ്കാലം' പോലെ തോന്നും. എന്തിനുമുള്ള നമ്മുടെ മറുപടി 'ഓ... ഇങ്ങനെയൊക്കെ അങ്ങ് പോകുന്നു,' എന്നാണ്. ഒരു സന്തോഷവും ഇല്ല..

'മുഖം-മനസിന്റെ കണ്ണാടി' എന്നല്ലേ?? അപ്പോ എന്താണ് സന്തോഷം, എങ്ങനെ സന്തോഷം ഉണ്ടാകും,? കർത്താവ് നമുക്ക് സന്തോഷം ആണോ നൽകുന്നത്? അതോ ആനന്ദമോ?

## ക്രിസ്തീയ സന്തോഷമോ? ആനന്ദമോ?

നമ്മുടെ കർത്താവ് യേശുമിശിഹാ തന്റെ ശിഷ്യരോട് ആയി പറഞ്ഞു 'ഇത് ഞാൻ നിങ്ങളോട് പറഞ്ഞത് എന്റെ സന്തോഷം (ആനന്ദം) നിങ്ങളിൽ കൂടി കൊള്ളാനും നിങ്ങളുടെ സന്തോഷം (ആനന്ദം) പൂർണ്ണമാകാനും വേണ്ടിയാണ്.' (യോഹന്നാൻ 15:11).

ഇവിടെ ഞാൻ സന്തോഷത്തിന് പകരം ആനന്ദം ബ്രാക്കറ്റിൽ ചേർത്തിട്ടുണ്ട്. അത് ബോധപൂർവ്വമാണ്. സ്വാഭാവികമായും ഉണ്ടാകുന്ന ചോദ്യം സന്തോഷവും ആനന്ദവും രണ്ടും രണ്ടാണോ ? നമുക്ക് നോക്കാം.,

സന്തോഷം കേവലമായ ബാഹ്യ ഘടകങ്ങളെയും സാഹചര്യങ്ങളെയും ആശ്രയിച്ച് ഒരാളിൽ ഉണ്ടാകുന്ന അനുഭൂതി ആണ്.

ആനന്ദം അത് ഒരുവന്റെ ഹൃദയത്തിൽ നിന്ന് രൂപംകൊള്ളുന്നു; സാഹചര്യങ്ങൾക്ക് അനുസൃതമായി അതിൽ മാറ്റം ഉണ്ടാകുന്നില്ല.

വീണ്ടും സുവിശേഷത്തിലേക്ക് നോക്കിയാൽ പ്രസ്തുത വചനഭാഗത്തിന്റെ ഗ്രീക്ക് മൂല ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് 'ചര' (Chara) എന്നാണ്. അതിന്റെ അർത്ഥം ആനന്ദം, ആഹ്ലാദം (Joy, gladness) എന്നാണ്. ചര എന്ന വാക്കിന്റെ ക്രിയ ആയി വരുന്നത് 'ചെയ്റോ' (Chairo) എന്നാണ്, അതിന്റെ അർത്ഥം ആനന്ദിക്കുക, ആഹ്ലാദിക്കുക (to rejoice, to be glad) എന്നുമാണ്.

വിശുദ്ധ ബൈബിളിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ എല്ലാം തന്നെ Happin ess എന്നതിന് പകരം Joy എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് എന്നും കാണാം.

അപ്പോൾ സാഹചര്യങ്ങളെ ആശ്രയിച്ച് ഉണ്ടാകുന്ന സന്തോഷം എന്ന അനുഭൂതി സന്ദർഭങ്ങൾക്ക്, സാഹചര്യങ്ങൾക്കൊത്ത് മാറ്റപ്പെടാതെ ഹൃദയത്തിൽ നിന്ന് രൂപം കൊള്ളുന്ന ആന

www.malankaralibrary.com

ന്ദത്തിൽ നിന്ന് തികച്ചും വ്യത്യസ്ത മാണ് എന്ന് കാണാം.


ആനന്ദം ഒരുവന്റെ ഹൃദയത്തിൽ നിന്ന് രൂപപ്പെടുന്നതാണ്.

അത് എന്നേക്കും നിലനിൽക്കുന്നു; പങ്കിടപ്പെടുകയും ചെയ്യുന്നു.

ആമുഖമായി ഞാനിതിവിടെ പറ യുന്നത് വിശുദ്ധ ഗ്രന്ഥത്തിന്റെ മല യാള പരിഭാഷയിലെ പരിമിതി ചൂണ്ടി കാണിക്കാൻ അല്ല പിന്നെയോ ക്രിസ് ത്യാനി എന്ന നിലയിൽ നമുക്കുണ്ടാ കേണ്ട ജീവിതശൈലി ബാഹ്യ സാഹ ചര്യങ്ങൾക്ക് അനുസൃതമായി രൂപം കൊള്ളുന്ന സന്തോഷത്തിൽ നിന്നും പിന്നെയും ഒരുപാട് മുന്നേറി എന്നും പുതുതാക്കപ്പെടുന്ന പങ്കുവയ്ക്കപ്പെ ടുന്ന യഥാർത്ഥമായ ആനന്ദത്തിന്റെ ശൈലി ആകണമെന്നാണ്.

ഈ ആനന്ദം ഹൃദയത്തിൽ നിന്നും ഉള്ളതാകണം. ഏതു ഹൃദയത്തിൽ നിന്ന്? ക്രിസ്തുവിനെ സ്വീകരിച്ച ഹൃദ യത്തിൽ നിന്നും. കാരണം 'അവൻ കൊണ്ടുവന്ന ആനന്ദത്തിൽ നിന്ന് ആരും ഒഴിവാക്കപ്പെട്ടിട്ടില്ല' (സുവി ശേഷത്തിന്റെ ആനന്ദം- പോപ്പ് ഫ്രാൻ സിസ്).

'ഞാൻ നിങ്ങളോട് പറയുന്ന ഈ വചനത്താൽ നിങ്ങൾ ആനന്ദി




ക്കുവിൻ' എന്നുപറഞ്ഞ യേശുനാ ഥൻ താൻ തന്നെയാണ് യഥാർത്ഥ ആനന്ദത്തിന്റെ ഉറവിടം എന്നുകൂടി പ്ര സ്താവിക്കുകയാണ് ചെയ്യുന്നത്.

യഥാർത്ഥ ആനന്ദം ക്രിസ്തുവു മായുള്ള വ്യക്തിപരമായ അവഗാഢ ബന്ധത്തിൽ നിന്നത്രേ രൂപപ്പെടു ന്നത്.

ചുരുക്കത്തിൽ ക്രിസ്ത്യാനികൾക്ക് എന്നും ആനന്ദ ജീവിതമാണ് ഉണ്ടാ കേണ്ടത്. സുഖത്തിലും-ദുഃഖത്തിലും, ആരോഗ്യത്തിലും-അനാരോഗ്യ

www.malankaralibrary.com

ത്തിലും, സമ്പത്തിലും-ദാരിദ്ര്യത്തിലും നമ്മെ ശക്തനാക്കുന്നവനിൽ നാം നിരന്തരം ആനന്ദിക്കുന്നു.

## യുവത്വം സമം ആനന്ദിക്കുന്ന ഹൃദയം

യുവത്വം എല്ലാ സമൂഹത്തിലും ആനന്ദം അല്ലെങ്കിൽ സാമാന്യേന സന്തോഷം അന്വേഷിക്കുന്ന, ആഗ്രഹിക്കുന്ന കാലഘട്ടമാണ് വാർദ്ധക്യത്തിൽ അവസാനിച്ചുപോയേക്കാവുന്ന തന്റെ യൗവനത്തെ കുറിച്ച് ഓർത്ത് വേദനിച്ച ഒരു പിതാവ് തന്റെ മകനോട് അവന്റെ യൗവനം ചോദിച്ചു വാങ്ങിയ കഥയും നമ്മുടെ പുരാണങ്ങളിൽ നാം വായിച്ചിട്ടുണ്ട്.

അപ്പോൾ യുവത്വം ഏറെ സുന്ദരമായ കാലഘട്ടമാണ്. അത് സാമൂഹിക നിലവിലെ വ്യവസ്ഥകളെ ഭേദിക്കാൻ വെമ്പൽകൊള്ളുന്ന ഒരു മാനസിക അവസ്ഥ കൂടിയാണ്.



ആനന്ദമുള്ള ഒരു വ്യക്തി ഏത് പ്രായത്തിലും യൗവനയുക്തയായി കാണപ്പെടുന്നു. അവൾ അല്ലെങ്കിൽ അവൻ ചുറ്റിലും പ്രകാശം പരത്തുന്നു. എപ്പോഴും എന്നെ അത്ഭുതപ്പെടുത്തിയിട്ടുള്ള ഒരു കാര്യം, മാരകമായ ക്യാൻസർ പോലുള്ള രോഗങ്ങൾ ബാധിച്ച് കിടപ്പിലായ വ്യക്തികൾ, കടബാധ്യതയിൽ മുങ്ങിയ കുടുംബത്തിന്റെ അമരത്ത് നിൽക്കുന്ന ജീവിതങ്ങൾ, കൊടിയ ദാരിദ്ര്യത്തിന്റെ കടലിൽ കരകാണാതെ ഉഴലുന്ന ജീവിതങ്ങൾ, സ്വന്തം ജീവനെയും ജീവിതത്തെയും ചുറ്റുമുള്ള സകലരെയും പഴിക്കാൻ സ്വാഭാവികമായി എല്ലാ സാഹചര്യങ്ങളും അനുകൂലമായിട്ടുള്ള ഇത്തരം വ്യക്തികളിൽ അഭൂത പൂർവ്വമായ ആനന്ദത്തിന്റെ വലിയ ചൈതന്യം ഞാൻ കണ്ടിട്ടുണ്ട്.

എന്തുകൊണ്ട് അത് തന്നെ അത്ഭുതപ്പെടുത്തി എന്ന് വെച്ചാൽ എന്റെ കണ്ണിൽ അവരെല്ലാം 'നിർഭാഗ്യവശാൽ ദൈവവിശ്വാസികളായിരുന്നു' അവരിൽ ക്രൈസ്തവരും അക്രൈസ്തവരും ഉണ്ട്. വളരെ കൗതുകത്തോടും ആശ്ചര്യത്തോടും എന്താണ് ഈ

www.malankaralibrary.com

ആനന്ദത്തിന്റെ രഹസ്യ ഫോർമുല എന്ന് ഞാൻ ചോദിക്കുമ്പോൾ അവരെല്ലാം പറഞ്ഞിട്ടുള്ളത് 'കർത്താവ്/ഈശ്വരൻ നൽകിയ വേദന തീർച്ചയായും അസഹനീയമാണ്. പക്ഷേ അതിലും എത്രയോ വലിയ നന്മകളും അവിടുന്ന് നൽകിയിട്ടുണ്ട്. അവിടുത്തെ സ്നേഹം ഇപ്പോൾ കൂടുതലായി ഈ സഹനം വഴി ഞാൻ അനുഭവിക്കുന്നു. അതെന്റെ ഹൃദയത്തെ ബലഹീനപ്പെടുത്തുന്നില്ല. അതിനാൽ എനിക്ക് ആനന്ദമുള്ളവനായിരിക്കാൻ കഴിയുന്നു.'

എന്തൊരു ഭീകരമായ വിശ്വാസ പ്രഖ്യാപനമാണിത്; അതിഭീകരം തന്നെ!

എപ്രകാരമാണ് സഹനം ഒരുവനെ ദൈവത്തിനോട് അടുപ്പിക്കുന്നത്? സങ്കീർത്തകൻ പറയുന്നു 'ദുരിതങ്ങൾ എനിക്ക് ഉപകാരമായി തന്മൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചു'

കർത്താവിന്റെ ചട്ടങ്ങൾ അവിടുത്തെ വചനം തന്നെയാണ്. അവിടുത്തെ വചനം സ്വീകരിക്കുന്ന ഒരാൾക്ക് ആനന്ദം ലഭിക്കുമോ?

വീണ്ടും സങ്കീർത്തകൻ പറയുന്നു 'കഷ്ടതയും തീവ്രവേദനയും എന്നെ ഗ്രസിച്ചു. എന്നാൽ അങ്ങയുടെ പ്രമാണങ്ങൾ എനിക്ക് ആനന്ദം പകർന്നു.' (സങ്കി 103)

യേശുവിന്റെ വാഗ്ദാനം ഒരിക്കൽ കൂടി ഓർക്കാം 'ഞാൻ പറഞ്ഞ വചനത്താൽ നിങ്ങൾ ആനന്ദിക്കുവിൻ.'

ഈ ആനന്ദം നമുക്ക് ജോബിന്റെ ജീവിതത്തിലും കാണാൻ കഴിയും. അവന്റെ ജീവിതം കീഴ്മേൽ മറിഞ്ഞിട്ടും കൊടിയ ദുരിതത്തിൽ അകപ്പെട്ടിട്ടു സ്വന്തം ഭാര്യയും സുഹൃത്തുക്കളും കുറ്റപ്പെടുത്തിയിട്ടും അവൻ തന്റെ സ്രഷ്ടാവിനെതിരേ നാവുകൊണ്ട് പാപം ചെയ്തില്ല (ജോബ് 2:10) എന്ന് വചനത്തിൽ നാം കാണുന്നു. നാവുകൊണ്ട് പാപം ചെയ്തില്ല എന്ന് പറഞ്ഞാൽ അവൻ ദൈവവചനത്തെ അവിശ്വസിച്ചില്ല, തിരസ്കരിച്ചില്ല എന്ന് തന്നെയാണ് മറ്റൊരു ഭാഷയിൽ കേവലം മാനുഷികമായി പറഞ്ഞാൽ ദൈവത്തിൽനിന്ന് നന്മ സ്വീകരിച്ചപ്പോൾ ഉണ്ടായിരുന്ന അതേ 'ഹൃദയാനന്ദം' അവന്റെ കഷ്ടതയുടെ നാളിലും ജോബിൽനിന്ന് മാറ്റപ്പെട്ടില്ല എന്ന് തന്നെയല്ലേ.

'നിന്റെ ജീവിതകാലം അത്രയും നീ സന്തുഷ്ടനായി കാണപ്പെടുവാൻ നിന്റെ യൗവനം കഴുകന്റേത് പോലെ ഞാൻ നവീകരിക്കും' എന്ന നമ്മുടെ കർത്താവിന്റെ വാഗ്ദാനം എത്രയോ ആനന്ദം നൽകുന്നതാണ് (സങ്കി 103:05).

www.malankaralibrary.com



ചുരുക്കത്തിൽ എപ്പോഴും ഏതു സാഹചര്യത്തിലും ഹൃദയത്തിൽ ആനന്ദം കണ്ടെത്തുന്നവർ മറ്റൊരാർത്ഥത്തിൽ നിത്യയൗവനത്തിൽ വസിക്കുന്നവരാണ്.

കൗമാരത്തിൽ നിന്ന് യൗവനത്തിലേക്ക് ഹൃദയാനന്ദം ഒരുവനെ നിത്യയൗവനത്തിൽ നിലനിർത്തുന്നു എന്ന് നാം കണ്ടു.എന്നാൽ യുവജനശുശ്രൂഷയിൽ ആയിരിക്കുന്ന നമുക്ക് യുവത്വം എന്ന പ്രതിഭാസത്തെ ഒരു നിശ്ചിത പ്രായ ഘടനക്കുള്ളിൽ നിർത്തി ചിന്തിക്കേണ്ടതും അനിവാര്യമാണ്. അന്താരാഷ്ട്രതലത്തിൽ 15 മുതൽ 24 വയസ്സുവരെയാണ് യുവത്വം എന്ന് പരക്കെ അംഗീകരിക്കുന്നത്.

എന്നാൽ പൊതുവേ ഉയർന്ന പ്രായപരിധി 35 വരെയും പരിഗണിക്കുന്നുണ്ട്.

## ക്രിസ്ത്വാധിഷ്ഠിത യുവത്വം

15 മുതൽ 25 വയസ്സുവരെയുള്ള കാലം എന്നത് പഠനത്തിന്റെയും ജോലി അന്വേഷിക്കലിന്റെയും സാമൂഹിക സമ്പർക്കത്തിന്റെയും ഒക്കെ വിശാലമായ സമയമാണ്. ഇവിടെ ഒരാൾ കൗമാരത്തിൽ നിന്ന് (adolescence) യൗവനത്തിലെക്ക് പ്രവേശിക്കുന്നു (Youth hood). ശാരീരികവും മാനസികവും സാമൂഹികവുമായ മാറ്റങ്ങളുടെയും സമ്മർദ്ദങ്ങളുടെയും സമയമാണ് ഇത്.

ആൺകുട്ടികളിലും പെൺകുട്ടികളിലും ഹോർമോണൽ വ്യതിയാനങ്ങൾ ഈ സമയത്ത് പ്രകടമായി കാണപ്പെടും. അതിനാനുപാതികമായി ശാരീരിക വളർച്ചയും വ്യത്യാസങ്ങളും ഉണ്ടാകുന്നു. ശാരീരികമായ വളർച്ച ബൗദ്ധികമായും മാനസികമായും പുതിയ ചിന്താസരണികൾ രൂപപ്പെടാൻ നിർബന്ധിക്കുന്നു. സമപ്രായക്കാരിൽ നിന്ന് (peer group) തനിക്ക് ചേർന്നവരിലേക്ക് സൗഹൃദങ്ങളും ബന്ധങ്ങളും മാറ്റാൻ വ്യഗ്രത ഉളവാക്കുന്നു.

തനിക്ക് ചുറ്റുമുള്ള ലോകത്തിന്റെ അതിവിശാലമായ സാധ്യതകളിലേക്ക്, അനുഭൂതികളിലേക്ക് ഒരു കൊള്ളിമീനിനെപോലെ ഊളിയിട്ടുകൊണ്ട് കടന്നു

www.malankaralibrary.com

ചെല്ലാൻ ഇത് യുവമനസ്സുകളെ നിർബന്ധിക്കുന്നു. തനതായ അഹം ബോധത്തിന്റെ രൂപപ്പെടൽ (formation of ego identity).

ധൂർത്ത പുത്രന്റെ (ലൂക്കാ 15:11) ഉപമയിൽ പരിചയപ്പെടുന്ന ഇളയ പുത്രൻ പ്രതിനിധാനം ചെയ്യുന്നത് യുവമനസ്സുകൾ നേരിടുന്ന ഈ സങ്കീർണമായ അവസ്ഥയെയാണ്.

കൗമാരത്തിൽ നിന്ന് യൗവനത്തിലേക്ക് കടക്കുന്ന ഒരു വ്യക്തിയുടെ പ്രധാന സമസ്യ തന്റേതായ അഹം ബോധം (ego identity) കണ്ടെത്തുക എന്നതാണ്.

'എനിക്ക് എന്റെ സ്വത്തിന്റെ ഓഹരി തരിക' എന്ന നിർബന്ധം തന്റെ തനിമ (identity) തേടിയുള്ള ഒരുവന്റെ പരിശ്രമവും അതുവഴി വിഷയിഭവിച്ച ആന്തരിക നിലവിളിയുടെ പ്രതിഫലനവും ആണ്.



തങ്ങളുടെ മാതാപിതാക്കന്മാരിൽ നിന്ന് കുടുംബത്തിന്റെ വിദ്യാലയത്തിന്റെ സമൂഹത്തിന്റെ വ്യവസ്ഥാപിത ചട്ടക്കൂട്ടിൽ നിന്ന്, ഏറെക്കുറെ മാറ്റമില്ലാതെ തുടരുന്ന സ്വപ്നസങ്കല്പങ്ങളിൽ നിന്ന് വ്യത്യസ്തരായി തീരുവാൻ നടത്തുന്ന പരിശ്രമങ്ങൾ യുവതിയുവാക്കളിൽ പ്രത്യേക തരത്തിലുള്ള സ്വഭാവ സവിശേഷതകൾ രൂപപ്പെടുത്തുന്നു.

ആത്മസംതൃപ്തിക്കായി അഹം ബോധം പ്രധാനമായ മൂന്നു കാര്യങ്ങൾ അന്വേഷിക്കുന്നു ആഗ്രഹിക്കുന്നത് ചെയ്യുക (doing) ആഗ്രഹിക്കുന്നത് കിട്ടുക (having) മറ്റുള്ളവരിൽ നിന്ന് നല്ലത് കേൾക്കുക (listening). ഇതിനു വിപരീതമായി സംഭവിക്കുന്നത് എന്തും ആ വ്യക്തിയുടെ ജീവിതത്തെ മുറിപ്പെടുത്തും.

ഒരുവന്റെ തനിമ രൂപീകരിക്കുക എന്നതും അംഗീകരിക്കുക എന്നതും ശ്രമകരമായ ഒരു പ്രയത്നമാണ്.


ഇതിനുവേണ്ടി അവർ തങ്ങളുടെ ആരാധ്യ വ്യക്തികളെ ജീവിതത്തിൽ അനുകരിക്കാൻ നിർബന്ധിതരാ

www.malankaralibrary.com

കുന്നു. പുതുമയുള്ള സൗന്ദര്യ സങ്കല്പങ്ങളെ അവർ പിന്തുടരുന്നു. ഭാഷയിലും വേഷത്തിലും ഒരു തനിമ, ഒരു വ്യത്യസ്തത പ്രകടിപ്പിക്കാൻഅവർ പരിശ്രമിക്കുന്നു.

ഇത് തിരക്കുള്ള റോഡിൽ വളരെ ഉച്ചത്തിൽ ശബ്ദമുണ്ടാക്കി വണ്ടി ഓടിക്കാൻ പ്രേരിപ്പിക്കും. വണ്ടിയുടെ വരവ് അല്ല 'തന്റെ തന്നെ വരവാണ്' ഇവിടെ കക്ഷി വിളിച്ചു പറയുന്നത്.

തന്റേതായ ഒരു തനിമ കണ്ടെത്തുന്ന വ്യക്തികൾ സ്വത്വബോധമുള്ളവരായി രൂപപ്പെടുകയും ജീവിതത്തിൽ മുന്നേറുകയും ചെയ്യും. എന്നാൽ




തനിമ നേടാൻ പരാജയപ്പെട്ട യുവജനങ്ങൾ ആത്മവിശ്വാസം നഷ്ടപ്പെട്ടവരായിതീർന്നു സ്വത്വബോധ പ്രതിസന്ധിയിൽ (identity crisis) അകപ്പെടുന്നു.

പ്രണയ നൈരാശ്യം, തൊഴിലില്ലായ്മ, സാമ്പത്തിക പ്രതിസന്ധികൾ തുടങ്ങിയ എണ്ണമറ്റ പുതിയ അധ്യായങ്ങൾ. ഇത് അവരെ വല്ലാത്തൊരു ഏകാന്തതയിലേക്ക് നയിക്കും. മാനസികാരോഗ്യം നഷ്ടപ്പെട്ട ഈ വ്യക്തികൾ അവിടെ അവർ എല്ലാത്തിനോടും വിരക്തി ഉള്ളവരും മദ്യത്തിനും മയക്കുമരുന്നിനും കീഴ്പ്പെട്ടവരും Rebel ഉം ആകുന്നു.

ഉപമയിലെ ധൂർത്തനായ പുത്രൻ അനുഭവിച്ച സ്വത്വബോധ പ്രതിസന്ധിക്ക് കാരണം അവന് തന്റെ തനിമ തിരിച്ചറിയാൻ സാധിച്ചില്ല എന്നതാണ്. അവൻ അകമേ ശൂന്യനും ഏകനുമായിത്തീർന്നു.അവൻ ആഗ്രഹിച്ചതെല്ലാം അവന് ജീവിതത്തിൽ ലഭിച്ചു എങ്കിലും അവന് തന്നോട് തന്നെ ഒരു മടുപ്പ് തോന്നി. അവനിൽ നിത്യമായ ആനന്ദമല്ലായിരുന്നു പിന്നെയോ നൈമഷികമായ സന്തോഷം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് അവൻ തിരിച്ചറിയുന്നു.

ആ തിരിച്ചറിവ് നിത്യമായ ആനന്ദം പ്രദാനം ചെയ്യുന്ന തന്റെ പിതാ

www.malankaralibrary.com



വിങ്കലേക്ക് തിരികെപോകുവാനുള്ള ആന്തരിക പ്രചോദനത്തിന് അവനെ പ്രേരിപ്പിക്കുന്നു. അവൻ പറഞ്ഞു 'ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്ക് പോകും'.

ഈ ആന്തരിക പ്രചോദനം പരിശുദ്ധത്മാവ് തന്നെയാണ്.

പരിശുദ്ധാത്മാവിലൂടെ സ്വർഗീയ പിതാവുമായി ഉള്ള ആഴമായ ബന്ധമാണ് നമ്മുടെ യഥാർത്ഥ സ്വത്വബോധം രൂപീകരിക്കുന്നതിന് നമ്മളെ സഹായിക്കുക എന്ന് ധൂർത്ത പുത്രന്റെ ഉപമ ഓർമിപ്പിക്കുന്നു.

അപ്പോൾ എനിക്ക് ഇഷ്ടപ്പെട്ടത് ചെയ്യുവാനും ലഭിക്കുവാനും കേൾക്കുവാനും ഉള്ള വ്യഗ്രതയല്ല യഥാർത്ഥ സ്വത്വബോധ അന്വേഷണം പിന്നെയോ എന്റെ ഹൃദയത്തിൽ ആന്തരികമായി സ്ഥിതിചെയ്യുന്ന ദൈവവുമായുള്ള ബന്ധം സ്ഥാപിക്കുവാനുള്ള പരിശ്രമമാണ് എന്റെ യഥാർത്ഥ സ്വത്വബോധ അന്വേഷണം.

ആധ്യാത്മിക വീക്ഷണം കൊണ്ട് ദൈവവുമായുള്ള ബന്ധത്തിൽ മാത്രമാണ്, നമ്മുടെ അഹംബോധ വ്യക്തിത്വം എത്രയോ ചെറുതാണ് എന്ന് തിരിച്ചറിയുവാൻ നമുക്ക് സാധിക്കുക. അപ്രകാരം പിതാവായ ദൈവത്തോട് പരിശുദ്ധാത്മാവിന്റെ നിരന്തരമായ പ്രേരണയാൽ യേശുക്രിസ്തു വഴി ബന്ധം സ്ഥാപിക്കുന്നതാണ് യഥാർത്ഥ യുവത്വം എന്ന് നമുക്ക് കാണാൻ സാധിക്കും



*

www.malankaralibrary.com



# ദൈവവിളികൾക്കായുള്ള 62–ാമത് ആഗോള പ്രാർഥനാദിനത്തിൽ (മേയ് 11, 2025)

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവവിളികൾക്കായുള്ള ഈ 62-ാമത് പ്രാർഥനാദിനത്തിൽ നിങ്ങളുടെ ജീവിതങ്ങൾ ഉദാരമായി സമർപ്പിക്കുന്ന ഒരു ദാനമായി തീർത്തുകൊണ്ട് പ്രത്യാശയുടെ തീർഥാടകരാകാൻ ഞാൻ നിങ്ങളെ സന്തോഷപൂർവം ക്ഷണിക്കാൻ ആഗ്രഹിക്കുന്നു.

ദൈവം നമ്മുടെ ഹൃദയത്തിൽ വിതയ്ക്കുന്ന ഒരു അമൂല്യ ദാനമാണ് ദൈവവിളി; സ്വയം പരിത്യജിച്ചിട്ട് സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും ഒരു യാത്രയ്ക്കായി ഇറങ്ങിപ്പുറപ്പെടാനുള്ള ക്ഷണമാണത്. സഭയിലെ ഓരോ ദൈവവിളിയും – അല്മായ, അഭിഷിക്ത, സമർപ്പിത ദൈവവിളികൾ – ഈ ലോകത്തിനും തന്റെ മക്കളിൽ ഓരോരുത്തർക്കും ദൈവം നൽകുന്ന പ്രത്യാശയുടെ അടയാളങ്ങളാണ്.

www.malankaralibrary.com

ഒട്ടേറെ യുവതീയുവാക്കന്മാർ തങ്ങളുടെ ദൃഷ്ടി ഭാവിയിലേക്ക് തിരിക്കുമ്പോൾ ഇക്കാലത്ത് ദുഃഖിതരാണ്. തങ്ങളുടെ തൊഴിൽ സാധ്യതയെക്കുറിച്ച് ചിന്തിക്കുമ്പോൾ പലപ്പോഴും അവർക്ക് അരക്ഷിതാവസ്ഥ അനുഭവപ്പെടുന്നു; ആഴത്തിലുള്ള സ്വത്വപ്രതിസന്ധിയും അവർക്കുണ്ടാകുന്നു; അത് അർഥത്തെയും മൂല്യങ്ങളെയും സംബന്ധിച്ച പ്രതിസന്ധിയാണ്; ആശയക്കുഴപ്പം സൃഷ്ടിക്കുന്ന ഡിജിറ്റൽ ലോകത്തിലെ സന്ദേശങ്ങൾ പ്രസ്തുത പ്രതിസന്ധി വർധിപ്പിക്കുന്നതേയുള്ളൂ. ദരിദ്രരോടും മുതലെടുക്കപ്പെടാവുന്നവരോടും (vulnerable) കാണിക്കുന്ന അനീതി, സ്വയം സംതൃപ്തവും സ്വയം കേന്ദ്രീകൃതവും ആയ ഒരു സമൂഹത്തിന്റെ നിസ്സംഗത, യുദ്ധത്തിന്റെ ക്രൂരത എന്നിവ യുവജനങ്ങൾ തങ്ങളുടെ ഹൃദയങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ജീവിതസാക്ഷാത്കാരത്തെ സംബന്ധിച്ച പ്രത്യാശയ്ക്കു ഭീഷണിയായി നിലകൊള്ളുന്നു. എന്നിരുന്നാലും, മനുഷ്യഹൃദയത്തെ അറിയുന്ന കർത്താവ് നമ്മുടെ അനിശ്ചിതാവസ്ഥയിൽ നമ്മെ ഉപേക്ഷിക്കുന്നില്ല. നമ്മൾ സ്നേഹിക്കപ്പെട്ടവരും വിളിക്കപ്പെട്ടവരും പ്രത്യാശയുടെ തീർത്ഥാടകരായി അയക്കപ്പെട്ടവരും ആണെന്നു നാം അറിയണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു.

സഭയുടെ മുതിർന്ന അംഗങ്ങളായ നാം, പ്രത്യേകിച്ച് പുരോഹിതർ, യുവജനങ്ങളുടെ വിളിയുടെ പാതയിൽ അവരെ അംഗീകരിക്കാനും അത് വിവേചിച്ചറിയാനും അവരെ അനുഗമനം ചെയ്യാനും വിളിക്കപ്പെട്ടിരിക്കുന്നു. യുവജനങ്ങളായ നിങ്ങൾ, നിങ്ങളുടെ ഭാഗത്തുനിന്ന് ആ പാതയിൽ ഇറങ്ങിത്തിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു; അത് പരിശുദ്ധാത്മാവിനോടൊപ്പമാണ് നടത്തേണ്ടത്; അവിടന്നാണ് നിങ്ങളുടെ ജീവിതങ്ങൾ സ്നേഹത്തിന്റെ സമ്മാനങ്ങൾ ആക്കാനുള്ള ആഗ്രഹം നിങ്ങളിൽ ജനിപ്പിക്കുന്നത്.

## നമ്മുടെ പ്രത്യേകവിളി ആശ്ലേഷിക്കുന്നത്

പ്രിയ യുവജനമേ, “നിങ്ങളുടെ യൗവനം ഒരു ’‘ഇടക്കാല വേള”അല്ല. നിങ്ങൾ ദൈവത്തിന്റെ ‘ഇപ്പോൾ”ആണ്” (ക്രിസ്തു ജീവിക്കുന്നു [Christus Vivit], 178). ജീവൻ എന്ന ദാനം ഉദാരവും വിശ്വസ്തവുമായ

www.malankaralibrary.com

ഒരു പ്രത്യുത്തരം ആവശ്യപ്പെടുന്നു എന്നു മനസ്സിലാക്കുക. കർത്താവിന്റെ വിളിയോടു സന്തോഷപൂർവ്വം പ്രത്യുത്തരിച്ച യുവ വിശുദ്ധരെയും വാഴ്ത്തപ്പെട്ടവരെയും നോക്കുക. ഉദാഹരണത്തിന്, ലീമായിലെ വിശുദ്ധ റോസാ, വിശുദ്ധ ഡോമിനിക് സാവിയോ, വിശുദ്ധ കൊച്ചുത്രേസ്യ, വ്യാകുലമാതാവിന്റെ വിശുദ്ധ ഗബ്രിയേൽ, ഉടൻതന്നെ വിശുദ്ധരായി ഉടനെ പ്രഖ്യാപിക്കപ്പെടുന്ന കാർലോ അക്കൂത്തീസ്, പിയർ ജോർജോ ഫ്രസാത്തി എന്നിവർ ഉൾപ്പെടെയുള്ളവരെ. ഉത്ഥിതനായ നാഥനുമായുള്ള തങ്ങളുടെ സൗഹൃദംവഴിയായി അവർക്കു തങ്ങളുടെ ദൈവവിളി യഥാർഥ സന്തോഷത്തിലേക്കുള്ള പാതയായി അനുഭവപ്പെട്ടു. യേശുവിന്റെ വചനങ്ങൾ നാം കേൾക്കുമ്പോഴെല്ലാം നമ്മുടെ ഉള്ളിൽ നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കും (ലൂക്കാ 24:32 കാണുക). അപ്പോൾ നമുക്ക് നമ്മുടെ ജീവിതങ്ങൾ ദൈവത്തിനായി സമർപ്പിക്കാനുള്ള ആഗ്രഹം ജനിക്കുന്നു. സ്വാഭാവികമായും, നമ്മെ അവിടന്ന് ആദ്യം സ്നേഹിച്ച സ്നേഹത്തിനു പ്രതിസ്നേഹം നൽകാൻ ഏറ്റവും അനുയോജ്യമായ ജീവിതപന്ഥാവ് നാം ആഗ്രഹിക്കുന്നു.

ഹൃദയത്തിന്റെ ആഴങ്ങളിൽ ഒരിക്കൽ തിരിച്ചറിയപ്പെട്ടുകഴിഞ്ഞാൽ, ഓരോ ദൈവവിളിയും സ്നേഹിക്കാനും ശുശ്രൂഷിക്കാനുമുള്ള പ്രചോദനം നൽകുന്നു; അത് സ്വയം അഭിവൃദ്ധിപ്പെടുത്താനുള്ള മാർഗമായിരിക്കില്ല, മറിച്ച് പ്രത്യാശയുടെയും സ്നേഹത്തിന്റെയും പ്രകാശനമായിട്ടായിരിക്കും അനുഭവപ്പെടുന്നത്. ഓരോ സ്ത്രീയുടെയും പുരുഷന്റെയും ആനന്ദത്തിനായുള്ള ദൈവത്തിന്റെ പദ്ധതിയോടു ചേർന്നുപോകുന്നതാണ് ദൈവവിളിയും പ്രത്യാശയും; അതിൽ ഓരോരുത്തരും തങ്ങളുടെ ജീവിതങ്ങൾ അന്യർക്കുവേണ്ടി നൽകാനായി പേരുചൊല്ലി വിളിക്കപ്പെട്ടവരാണ് (സുവിശേഷത്തിന്റെ സന്തോഷം [Evangelii Gaudium], 268 കാണുക). ഏതു പാത സ്വീകരിക്കാനാണ് ദൈവം തങ്ങളെ വിളിക്കുന്നതെന്ന് അറിയാൻ വളരെയേറെ യുവതീയുവാക്കന്മാർ ആഗ്രഹിക്കുന്നു. വൈദിക ശുശ്രൂഷയിലേക്കും സമർപ്പിതജീവിതത്തിലേക്കും തങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു എന്നു ചിലപ്പോഴെങ്കിലും ചിലർ ആശ്ചര്യകരമാംവിധം കണ്ടെത്തുന്നു. മറ്റുചിലർ വിവാഹത്തിലേക്കും കുടുംബജീവിത

www.malankaralibrary.com

ത്തിലേക്കുമുള്ള വിളിയുടെ സൗകുമാര്യത കണ്ടെത്തുന്നു; അതായത്, പൊതുനന്മയ്ക്കും തങ്ങളുടെ സുഹൃത്തുക്കൾക്കും പരിചയക്കാർക്കും ഇടയിൽ വിശ്വാസത്തിന്റെ ജീവിതത്തിനു വേണ്ടിയുള്ള സാക്ഷ്യം നൽകാനുള്ള വിളി.

ദൈവത്തിന്റെ പരിപാലനയിൽ ഊന്നിനിന്നുകൊണ്ടുള്ള പ്രത്യാശയാൽ പ്രചോദിതമാണ് ഓരോ ദൈവവിളിയും. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പ്രത്യാശ എന്നത് കേവലം മാനുഷികമായ ശുഭാപ്തി വിശ്വാസത്തിനും ഉപരിയാണ്: നമ്മുടെ ഓരോരുത്തരുടെയും ജീവിതങ്ങളിൽ പ്രവർത്തനനിരതമായിരിക്കുന്ന ദൈവത്തിലുള്ള വിശ്വാസത്തിന്റെ സുനിശ്ചിതത്ത്വത്തിലാണ് അത് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. സുവിശേഷത്തോടു വിശ്വസ്തമായിരിക്കാനുള്ള ദൈനംദിനമുള്ള ശ്രമവും പ്രാർഥനയും വിവേചിച്ചറിയലും ശുശ്രൂഷയുംവഴിയാണ് ദൈവവിളികൾ പരിപക്വമാകുന്നത്.

പ്രിയപ്പെട്ട യുവസുഹൃത്തുക്കളേ, ദൈവത്തിലുള്ള പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. എന്തെന്നാൽ, തങ്ങളുടെ ജീവിതങ്ങൾ അവിടത്തെ കരങ്ങളിൽ ഭരമേല്പിച്ചവരുടെ ഓരോ കാൽവെപ്പിലും അവിടന്ന് അവരെ അനുഗമനം ചെയ്യുന്നു. ധൈര്യപൂർവം തങ്ങളുടെ ജീവിതങ്ങൾ ക്രിസ്തുവിനു സമർപ്പിക്കുന്നവരും അങ്ങനെ ശിഷ്യരും പ്രേഷിതരും ആയിരിക്കുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്ന പ്രത്യാശയുടെ തീർഥാടകരായ യുവജനങ്ങളെ നമ്മുടെ ലോകത്തിന് ആവശ്യമുണ്ട്.

## നമ്മുടെ ദൈവവിളിയുടെ പാത വിവേചിച്ചറിയുന്നത്

വിവേചിച്ചറിയലിന്റെ ഒരു സഞ്ചാരത്തിന്റെ അനന്തരഫലമായിട്ടാണ് നമ്മുടെ ദൈവവിളി നാം കണ്ടെത്തുന്നത്. എന്നാൽ, ആ സഞ്ചാരം ഒറ്റയ്ക്കുള്ള ഒന്നല്ല; അത് വികസിതമാകുന്നത് ഒരു ക്രൈസ്തവ സമൂഹത്തിലാണ്; ആകയാൽ അത് ആ ക്രൈസ്തവസമൂഹത്തിന്റെ ഭാഗമാണ്.

പ്രിയ സുഹൃത്തുക്കളേ, തിടുക്കത്തിൽ തീരുമാനങ്ങൾ എടുക്കാൻ ലോകം നിങ്ങളെ പ്രേരിപ്പിക്കുന്നു; നിങ്ങളുടെ ഹൃദയത്തോടു സംസാരിക്കുന്ന ദൈവത്തോടു തുറന്നിരിക്കുന്ന നിശബ്ദത അനുഭവിക്കുന്നതിൽ

www.malankaralibrary.com

നിന്നു നിരന്തരമുള്ള ഗർജനംവഴി നിങ്ങൾ തടസ്സപ്പെടുത്തപ്പെടുന്നു. എന്നാൽ, അല്പനേരം വിരാമം ഇടാൻ ധൈര്യപ്പെടുക; അത് നിങ്ങളുടെ ഹൃദയം നിങ്ങളോട് എന്തു പറയുന്നു എന്നു കേൾക്കാനും ദൈവത്തിനു നിങ്ങളെക്കുറിച്ചുള്ള സ്വപ്നം എന്താണെന്ന് മനസ്സിലാക്കാനും ആണ്. പ്രാർത്ഥനയിലെ നിശബ്ദത അനിവാര്യമാണ്; നമ്മുടെ ജീവിതങ്ങളുടെ പ്രത്യേക സാഹചര്യങ്ങളുടെ മധ്യേ ദൈവത്തിന്റെ വിളികേൾക്കാൻ പഠിക്കാനും അതിനു ബോധപൂർവവും സ്വതന്ത്രവുമായ രീതിയിൽ പ്രത്യുത്തരം നൽകാനും പ്രാർഥനയുടെ നിശബ്ദത അനിവാര്യമാണ്.

നമുക്കെല്ലാവർക്കും പ്രത്യാശയുടെ തീർഥാടകർ ആയിത്തീരാൻ സാധിക്കുമെന്ന് പ്രാർഥനാപൂർവമായ ധ്യാനം നമുക്കു മനസ്സിലാക്കിത്തരുന്നു; അത് സാധ്യമാകുന്നത് നാം നമ്മുടെ ജീവിതങ്ങളെ ഒരു ദാനമായി സമർപ്പിക്കുമ്പോഴാണ്; അതായത്, ലോകത്തിന്റെ ഭൗതികവും അസ്തിത്വപരവുമായ പ്രാന്തപ്രദേശങ്ങളിൽ വസിക്കുന്നവരായവരുടെ ശുശ്രൂഷയ്ക്കായി നാം നമ്മെത്തന്നെ എല്ലാറ്റിനും ഉപരിയായി പ്രതിഷ്ഠിക്കുമ്പോൾ. ഒഴിവാക്കപ്പെട്ടവരും മുറിവേറ്റവരും തിരസ്കൃതരുമായി അനുഭവപ്പെടുന്ന നമ്മുടെ ഒട്ടനവധി സഹോദരീസഹോദരന്മാരുടെ രോദനം കേട്ടില്ലെന്നു നടിക്കാൻ ദൈവത്തിന്റെ വിളി കേൾക്കുന്നവർക്കാവില്ല. എവിടെയൊക്കെ പ്രകാശവും സമാശ്വാസവും ഏറ്റവും ആവശ്യം ആയിരിക്കുന്നുവോ അവിടെയൊക്കെ ക്രിസ്തുവിന്റെ സാന്നിധ്യമായി മാറുക എന്ന നമ്മുടെ ദൗത്യത്തിൽ നമ്മുടെ വിളി നമ്മെ ഉറപ്പിച്ചുനിർത്തുന്നു. വളരെ സവിശേഷമായവിധത്തിൽ, തങ്ങളുടെ സാമൂഹ്യവും ഉദ്യോഗപരവുമായ പ്രതിജ്ഞാബദ്ധതവഴിയായി ദൈവരാജ്യത്തിന്റെ "ഉപ്പും പ്രകാശവും പുളിമാവും" ആകാൻ അല്മായവിശ്വാസികൾ വിളിക്കപ്പെട്ടിരിക്കുന്നു.

## ദൈവവിളികളെ അനുഗമനം ചെയ്യുന്നത്

അതിനാൽ, അജപാലകരും ദൈവവിളി നിയന്താക്കളും (vocation directors), ഏറെ പ്രത്യേകിച്ച് ആദ്ധ്യാത്മിക ഗുരുക്കൾ, താല്പര്യപൂർവം യുവജനങ്ങളെ പ്രത്യാശയിലും ക്ഷമയിലും ആശ്രയ ബോധത്തിലും

www.malankaralibrary.com

അനുഗമനം ചെയ്യണം; അത് ദൈവത്തിന്റെതന്നെ ബോധനവിദ്യ (pedagogy) പ്രതിഫലിപ്പിക്കുന്ന ഒരു രീതിയായിരിക്കും. അവരെ ആദരപൂർവ്വവും സഹിഷ്ണുതയോടും ശ്രവിക്കുന്നതിന് അവർ തയ്യാറായിരിക്കണം. അവർ വിശ്വാസമർപ്പിക്കാൻ കഴിയുന്നവരും ജ്ഞാനികളും സഹായികളായ നിയന്താക്കളും തങ്ങളുടെ സഞ്ചാരത്തിൽ ദൈവത്തിന്റെ സാന്നിധ്യത്തിന്റെ അടയാളങ്ങൾ എപ്പോഴും തിരിച്ചറിയാൻ കഴിവുള്ളവരുമായി യുവജനങ്ങൾക്കു അവരെക്കുറിച്ചു തോന്നേണ്ടിയിരിക്കുന്നു.

മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രവർത്തനമേഖലകളിലുമുള്ള ദൈവവിളികളെ പരിപോഷിപ്പിക്കാനായി എല്ലാത്തരം ശ്രമങ്ങളും കൈക്കൊള്ളണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു; അങ്ങനെ കർത്താവിന്റെ ശബ്ദത്തോട് ആത്മീയമായ തുറവുകാട്ടാൻ വ്യക്തികൾ സഹായിക്കപ്പെടണം. അതിനാൽ, വിദ്യാഭ്യാസപരവും അജപാലനപരവുമയ പദ്ധതി തയ്യാറാക്കുമ്പോൾ ദൈവവിളികളെ അനുഗമനം ചെയ്യാൻ അനുയുക്തമായ നടപടിക്രമങ്ങൾ ഉൾചേർക്കേണ്ടത് അനിവാര്യമാണ്.

ആത്മവിശ്വാസത്തോടും പ്രത്യാശയോടും കർത്താവിനോട് “അതേ” എന്നു പറയാൻ കഴിവുള്ള അജപാലകരെയും സമർപ്പിതരെയും പ്രേഷിതരെയും വിവാഹിതരെയും സഭയ്ക്ക് ആവശ്യമുണ്ട്. ഒരു ദൈവവിളി എന്നത് ഹൃദയത്തിന്റെ അഗാധത്തിൽ സൂക്ഷിച്ചുവച്ചിരിക്കേണ്ട ഒരു നിധിയല്ല; മറിച്ച് വിശ്വസിക്കുകയും സ്നേഹിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്ന ഒരു സഭാസമൂഹത്തിൽ അത് വളരുകയും ബലപ്പെടുത്തപ്പെടുകയും ചെയ്യുന്നു. ഒരാൾക്കും ഒറ്റയ്ക്ക് ദൈവത്തിന്റെ വിളിയോടു പ്രത്യുത്തരിക്കാനാവില്ല; എന്തെന്നാൽ നമുക്കെല്ലാവർക്കും നമ്മുടെ സഹോദരീസഹോദരന്മാരുടെ പ്രാർഥനയും പിന്തുണയും ആവശ്യമാണ്.

പ്രിയപ്പെട്ടവരേ, സഭ പുതിയ ദൈവവിളികൾക്ക് ജന്മം നൽകുമ്പോൾ അവൾ സജീവവും ഫലദായകവും ആണ്. പലപ്പോഴും നമ്മുടെ ലോകം, അത് അറിയാതെതന്നെ, പ്രത്യാശയുടെ സാക്ഷികളെ അന്വേഷിക്കുന്നു;

www.malankaralibrary.com

ക്രിസ്തുവിനെ അനുഗമിക്കുന്നത് യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടം ആണെന്ന് അപ്രകാരം ഉള്ളവർ തങ്ങളുടെ ജീവിതങ്ങൾവഴി പ്രഘോഷിക്കുന്നു. അതിനാൽ, തന്റെ വിളവിലേക്ക് പുതിയ ജോലിക്കാരെ അയക്കണമേ എന്നു കർത്താവിനോട് അപേക്ഷിക്കുന്നതിൽ നാം ക്ഷീണിതരാകരുത്; വലിയ സ്നേഹത്തോടെ അവിടന്ന് തുടർന്നും അവരെ വിളിച്ചുകൊണ്ടിരിക്കുന്നു. പ്രിയപ്പെട്ട യുവജനങ്ങളേ, കർത്താവിനെ പിഞ്ചെല്ലാനുള്ള നിങ്ങളുടെ ശ്രമങ്ങളെ ഞാൻ സഭയുടെ മാതാവും ദൈവവിളികളുടെ മാതാവും ആയ മറിയത്തിന്റെ മാധ്യസ്ഥത്തിനു ഭരമേല്പിക്കുന്നു. സുവിശേഷത്തിന്റെ പാതയിൽ പ്രത്യാശയുടെ തീർഥാടകരായി മുന്നേറിക്കൊണ്ടിരിക്കുക. എന്റെ ആശിർവാദവുമായി ഞാൻ നിങ്ങളെ അനുധാവനം ചെയ്യുന്നു; നിങ്ങൾ എനിക്കുവേണ്ടികൂടെ പ്രാർഥിക്കുക.

ജെമല്ലി ആശുപത്രി, റോമാ, മാർച്ച് 19, 2025
ഫ്രാൻസിസ് പാപ്പാ

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

**താളുകളിലൂടെ...**

www.malankaralibrary.com

ലേഖനം

# ദൈവവിളി കത്തോലിക്കാസഭയിൽ





സി. മെൽവിൻ OSS

കത്തോലിക്കാ സഭയിൽ മനുഷ്യ ജീവിതത്തിന് ദൈവം നൽകിയ മഹത്തായ ഒരു സമ്മാനമാണ് ദൈവവിളി. സഭ ഇതിനെ വളരെ ഗൗരവത്തോടെയാണ് കാണുന്നത്. ഓരോ വ്യക്തിയുടെയും ജീവിതം, ദൈവീക ആഹ്വാനത്തിനുള്ള പ്രത്യുത്തരമായും ദൈവത്തിന്റെ സ്നേഹത്തിൽ പങ്കാളികളാകുവാനുമുള്ള ആത്മീയ യാത്രയായി സഭ കാണുന്നു. എല്ലാ മനുഷ്യരും വിശുദ്ധിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. പൗരോഹിത്യത്തിലേക്കുള്ള വിളി, സന്യാസത്തിലേക്കുള്ള വിളി, വിവാഹജീവിതത്തിലേക്കുള്ള വിളി എന്നിങ്ങനെ സഭ അതിനെ തരംതിരിച്ചിരിക്കുന്നു. വിളി തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ സഭ ഒരുക്കിയിട്ടുണ്ട്. സെമിനാരികളിലും സന്യാസഭവനങ്ങളിലും ഉള്ള വിശ്വാസപരിശീലനം സഭയുടെ ഭാഗമാണ്. ദൈവവിളി എന്നത് പരിശുദ്ധാത്മാവിനെ പ്രവർത്തനമായി സഭ കാണുന്നു. ഓരോ വ്യക്തിയും തങ്ങളുടെ വിളിയെ തിരിച്ചറിയുവാനും പ്രാർത്ഥനയിലൂടെയും ആലോചനയിലൂടെയും അതിനുത്തരം പറയുമ്പോൾ സഭ ഇതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു 'ദൈവവിളി ദൈവത്തിന്റെ സമ്മാനമാണ്' സഭ

www.malankaralibrary.com

വിളിയുടെ മഹത്വം മനസ്സിലാക്കു കയും അതിനെ തിരിച്ചറിഞ്ഞു പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

പുരോഹിതൻ ക്രിസ്തുവിന്റെ പ്രതി നിധിയാണ്. സ്വയം വിളി തിരിച്ചറി ഞ്ഞ് സെമിനാരിയിൽ പ്രവേശിച്ച് ആത്മീയത ആരാധന ശുശ്രൂഷ മാന വികത ദൈവജനത്തിന് ആത്മീയ ശുശ്രൂഷ നൽകുന്നു.

സമർപ്പിത ജീവിതം എന്നത് ദൈ വത്തിനു തന്നെ മുഴുവനായി സമ ർപ്പിച്ചു കൊണ്ടുള്ള ആത്മീയ ദൗത്യ മാണ്. സഭ ഇതിനെ വളരെ ബഹു മാനത്തോടെ കാണുന്നു Consecr - ated life പരിശുദ്ധാത്മാവിന്റെ ആഹ്വാനം അനുസരിച്ച് വിശുദ്ധിയി ലേക്കുള്ള ജീവിതശൈലി. ഇവർ സഭയ്ക്കും സമൂഹത്തിനും സാക്ഷി കളായി ജീവിക്കേണ്ടവരാണ്. മൂന്ന് വ്രതങ്ങളാണ് അനുഷ്ഠിക്കുക.

## ദാരിദ്ര്യം

സ്വർഗ്ഗപ്രാപ്തിക്കായി ഒന്നുമില്ലാ ത്തവരായി ദാരിദ്ര്യത്തെ പുൽകീ ജീവിക്കുന്നു.

## ജീവിതവിശുദ്ധി

ഭൗതികത ത്യജിച്ച് ക്രിസ്തുവി നായി ജീവിക്കുക.



www.malankaralibrary.com

## അനുസരണം

സഭയുടെയും കോൺഗ്രിഗേഷന്റെയും മാർഗനിർദ്ദേശമനുസരിച്ച് ജീവിക്കുക.

'സമർപ്പിതാർക്കായി പ്രാർത്ഥിക്കുവാനും അവരെ പിന്തുണയ്ക്കുവാനും ഓരോ വിശ്വാസിയും കടമയുണ്ട്. ഓരോ യുവാവും യുവതിയും ദൈവവിളയെ കുറിച്ച് ആലോചിക്കണമെന്ന് സഭ നമ്മോട് ആഹ്വാനം ചെയ്യുന്നു.

ഇന്നത്തെ സാങ്കേതികവിദ്യയുടെയും വിപ്ലവങ്ങളുടെയും കാലഘട്ടത്തിൽ പോലും സമർപ്പിത ജീവിതം അതിന്റെ പ്രസക്തിയും ശക്തിയും നിലനിർത്തുന്നു. വിദ്യാലയങ്ങൾ അതുര സേവന കേന്ദ്രങ്ങൾ ദരിദ്ര സേവന കേന്ദ്രങ്ങൾ മുതലായവായുടെ പ്രവർത്തനം വഴി സമർപ്പിത സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നു. ദൈവത്തിന്റെ കരുണയുടെയും സ്നേഹത്തിന്റെയും നീതിയുടെയും അനുഭവം ലോകത്തിന് പ്രദാനം ചെയ്യുന്നു. ഇന്നത്തെ ലോകത്ത് കുടുംബം കരിയർ ആകർഷണം ഡിജിറ്റൽ ലോകം തുടങ്ങിയവ ദൈവവിളി കുറയുവാൻ കാരണമായിട്ടുണ്ട്. സമർപ്പത ജീവിതം ഇന്നത്തെ തലമുറയ്ക്ക് എങ്ങനെ മനസ്സിലാക്കി കൊടുക്കാം എന്നതിന് സ്നേഹത്തോടുള്ള ഇടപെടലുകളും ജീവിത മാതൃകകളും ആവശ്യമാണ്.

ആധുനിക തലമുറ ഭൗതികത്വത്തിലേക്ക് പോകുമ്പോൾ ജീവിതത്തിൽ ദൈവത്തെ മാറ്റി നിർത്തുന്നു. മികച്ച ജീവിതരീതിയും മെച്ചപ്പെട്ട ജോലിയും സമ്പത്തും ലക്ഷ്യം വയ്ക്കുന്നു കുടുംബങ്ങളിൽ മാതാപിതാക്കൾ ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നില്ല ലാഭകരമില്ലാത്ത അധ്വാനം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രാർത്ഥനാലയങ്ങൾ മത പഠനം ക്ലാസുകൾ വഴി കുട്ടികൾക്ക് എന്താണ് ദൈവവിളി എന്നതിനെപ്പറ്റി ശരിയായ അറിവ് ലഭിക്കുന്നില്ല. സമൂഹമാധ്യമങ്ങളിൽ വൈദികരെയും സന്യസ്തരേയും കുറിച്ചുള്ള വിമർശനങ്ങൾ ദൈവവിളിക്കു തടസം നിൽക്കുന്നു. സഭയോടൊത്ത് ചിന്തിക്കുവാനും സഭയുടെ പ്രവർത്തനങ്ങളിൽ പങ്കുചേരുവാനും ധാരാളം ദൈവവിളികൾ ഉണ്ടാകുന്നതിനുവേണ്ടി പ്രയത്നിക്കാം, പ്രാർത്ഥിക്കാം.

*

www.malankaralibrary.com

ലേഖനം

# യേശുവിന്റെ പ്രാർഥനകൾ





ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

(കഴിഞ്ഞ ലക്കം തുടർച്ച)

"ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ" അഥവാ "പരീക്ഷയിൽ ഞങ്ങളെ പ്രവേശിപ്പിക്കരുതേ"

യേശു പഠിപ്പിച്ച പ്രാർത്ഥനയിലെ ആറാമത്തെ അപേക്ഷയാണിത്. ഈ അപേക്ഷ തിന്മയിൽനിന്ന് ഒഴിഞ്ഞിരിക്കാനും പരിശുദ്ധമായി ജീവിക്കാനുമുള്ള മനുഷ്യാത്മാവിന്റെ ദാഹത്തോടെയുള്ള നിലവിളിയാണ്. താൻ ചെയ്തുപോയിട്ടുള്ള പാപങ്ങൾക്ക് പൊറുതി അപേക്ഷിച്ചശേഷം ഇനിയും പാപമൊന്നും ചെയ്യാതെ പരിശുദ്ധമായി ജീവിക്കാൻ ആഗ്രഹിച്ചു കൊണ്ട് ആ ആഗ്രഹം വിനയപൂർവ്വം ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. കാരണം തന്റെ എത്ര പരിശുദ്ധമായ ആഗ്രഹവും നിറവേറണമെങ്കിൽ ദൈവകൃപ ലഭിച്ചെങ്കിലേ സാധിക്കുകയുള്ളുവെന്ന് മനുഷ്യാത്മാവ് ഏറ്റുപറയുകയാണ്. മനുഷ്യൻ നിർദ്ദേശിക്കുന്നു; ദൈവം നിറവേറ്റുന്നുവെന്നാണല്ലോ വചനം അരുളിചെയ്യുന്നത്. "നന്മ ഇച്ഛിക്കാൻ എനിക്കു സാധിക്കും; എന്നാൽ പ്രവർത്തിക്കാൻ സാധിക്കുന്നില്ല" (റോമാ 7:18) എന്നാണല്ലോ വി. പൗലോസ് ശ്ലീഹായും സാക്ഷിക്കുന്നത്. ഈ സത്യം അംഗീകരിച്ചു നന്മ ചെയ്യാൻ ദൈവത്തിന്റെ കൃപ യാചിക്കുന്ന പ്രാർത്ഥനയാണിത്.

ആഗ്രഹിക്കുന്ന നന്മയ്ക്കു പകരം തിന്മചെയ്യാൻ പ്രേരിപ്പിക്കുന്ന ഏതോ നിയമം മനുഷ്യനിൽ പ്രവർത്തിക്കുന്നുവെന്ന് പൗലോസ് ശ്ലീഹാ അനു

www.malankaralibrary.com

ഭവത്തിന്റെ വെളിച്ചത്തിൽ റോമാ ലേഖനം 7-ാം അധ്യായത്തിൽ സ്ഥാപിക്കുന്നത്. ശ്രദ്ധേയമാണ്. പൂർവ്വികർ ഈ *പാപഹേതുവിനെ മൂന്നായി തിരിച്ചു കണ്ടിരുന്നു.* പാപഹേതുക്കൾ ലോകം, ജഡം, പിശാച് എന്നിവയാണെന്നാണ് അവർ പഠിപ്പിച്ചിരുന്നത്. എന്നാൽ ഈ വിഭജനം ആധുനിക മനഃശാസ്ത്രത്തിന്റെ വെളിച്ചത്തിൽ എത്രമാത്രം സ്വീകാര്യമാകുമെന്ന് പറയാനാകില്ല. മനുഷ്യർ പലവിധത്തിൽ പ്രലോഭിപ്പിക്കപ്പെടുന്നുവെന്നത് പരമാർത്ഥമാണ്. എന്നാൽ ഈ പ്രലോഭനങ്ങളുടെ ഉറവിടം എവിടെയെന്ന് കൃത്യമായി പറയാൻ നമുക്ക് ആകുമെന്ന് തോന്നുന്നില്ല. ഉറവിടമെന്തായാലും പ്രലോഭനത്തിനു വിധേയമാകുന്ന മനുഷ്യന്റെ സഹായാഭ്യർത്ഥനയാണ് ഈ യാചനയിലുള്ളത്.

നമ്മെ അലട്ടുന്ന പ്രലോഭനങ്ങളെ ശാരീരികമെന്നും ധാർമ്മികമെന്നും പൊതുവേ രണ്ടായിത്തിരിക്കാം. രോഗവും ദാരിദ്ര്യവും സമൂഹത്തിലെ അധഃസ്ഥിതിയും ഇതുപോലുള്ള മറ്റനേക പരീക്ഷണങ്ങളും ശാരീരിക പ്രലോഭനങ്ങളാണെന്നു കണക്കാക്കാം.

ഉയരുവാനും വളരുവാനുമുള്ള മനുഷ്യന്റെ നൈസർഗിക വാസനയെ ദുർബലപ്പെടുത്തുകയും ചിലപ്പോഴെല്ലാം നശിപ്പിക്കുകയും ചെയ്യുന്നവയാണ് ഇത്തരം പ്രലോഭനങ്ങൾ. ഇവയുടെ അപകടം ശാരീരിക ക്ലേശങ്ങൾ മാത്രമല്ല ചിലപ്പോൾ അവ ധാർമ്മിക ജീവിതത്തെയും സാധിച്ചെന്നുവരും. വലിയ ദാരിദ്ര്യ ദുഃഖത്തിൽ കഴിയുന്നവർ ആ ദുഃഖം മറക്കാനായി മദ്യപാനത്തിലേയ്ക്ക് തിരിയാറുണ്ട്. അത് പിന്നീട് പലതരത്തിലുള്ള ആദ്ധ്യാത്മികവും ധാർമ്മികവുമായ തെറ്റുകളിലേയ്ക്ക് നയിക്കുന്നു. ഇങ്ങനെ ശാരീരിക പ്രലോഭനങ്ങളും ധാർമ്മിക പ്രലോഭനങ്ങളും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നുവെന്നത് സത്യമാണെങ്കിലും ഈ പ്രാർത്ഥനയിൽ പ്രധാനമായും യാചിക്കുന്നത് ധാർമ്മിക പ്രലോഭനങ്ങളെ ഒഴിവാക്കുന്നതാണ്. ഇതിന് തൊട്ടുമുകളിൽ ഞങ്ങളുടെ കടങ്ങൾ (തെറ്റുകൾ) ഞങ്ങളോടു ക്ഷമിക്കണെമെന്നാണല്ലോ പ്രാർത്ഥിച്ചത്. അതിന്റെ തുടർച്ചയായിവേണം. പ്രലോഭനങ്ങളിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേയെന്ന ഈ അപേക്ഷയും മനസ്സിലാക്കാൻ.

ധാർമ്മികമായി പ്രലോഭിപ്പിക്കുന്ന സാഹചര്യങ്ങളിൽ നിന്നും പ്രലോഭനം ഹേതുക്കളിൽ നിന്നുമുള്ള വിടുതലിനുവേണ്ടിയാണ് ഇവിടെ പ്രാർത്ഥിക്കുന്നത്.

ധാർമ്മിക പ്രലോഭനങ്ങളിൽ ഏറ്റവും പ്രധാനം വിശ്വാസസംബന്ധമായ പ്രലോഭനമാണ്. വിശ്വാസം ക്ഷയിച്ചാൽ മറ്റെന്ത് തെറ്റ് ചെയ്യാനും

www.malankaralibrary.com

എളുപ്പമായി തീരും. എന്നാൽ വിശ്വാസത്തിനെതിരായ പ്രലോഭനം വ്യക്തിയെ നേരിട്ട് അവിശ്വാസത്തിലേയ്ക്കു നയിക്കുന്ന രീതിയല്ല പ്രത്യക്ഷപ്പെടുന്നത്. ഉദാഹരണത്തിന് ദൈവവിശ്വാസിയുടെ വിശ്വാസം ക്ഷയിക്കാൻ ദൈവം ഇല്ലായെന്ന് നേരിട്ട് വാദിച്ചുകൊണ്ട് ശ്രമിക്കുന്നവർ നന്നേക്കുറവാണ്. ദൈവമില്ലെന്ന വാദം വളരെ വേഗം തള്ളിക്കളയാൻ വിശ്വാസിക്കു സാധിച്ചെന്നു വരും. എന്നാൽ നേരിട്ടല്ലാതെ വക്രബുദ്ധിയോടെ പ്രവർത്തിച്ച് വിശ്വാസിയുടെ വിശ്വാസം തകർക്കാൻ ശ്രമിക്കുന്ന പ്രലോഭരാണ് ഇന്ന് കൂടുതലായി ഈ ലോകത്തിൽ കാണപ്പെടുന്നത്. സഭയെയും സഭയിലെ ശുശ്രൂഷകരെയും അപമാനിക്കുന്നതു വഴിയായി വിശ്വാസികളുടെ വിശ്വാസം നശിപ്പിക്കാൻ ശ്രമിക്കുന്ന വ്യക്തികളും സംഘടനകളും ഇന്ന് ധാരാളമാണ്. സഭാശുശ്രൂഷികളെ താറടിച്ചുകാണിക്കുന്നതുവഴി സഭയിലുള്ള വിശ്വാസമാണ് താറടിക്കപ്പെടുന്നത്. വിശ്വസ്തമായി സഭയോടു സഹകരിച്ചിരുന്നവർ പതുക്കെ സഭയിൽനിന്ന് അകലാനും അതുവഴി വലിയ പാപകൃത്യങ്ങളിൽ നിപതിക്കാനും കാരണമായെന്നു വരും. ദൈവവുമായുള്ള നമ്മുടെ ബന്ധം സഭയിലൂടെയാണ്. വ്യക്തിപരവും നേരിട്ടുള്ളതുമായ ഒരുബന്ധം നമുക്കും ദൈവത്തോടു പുലർത്താൻ പാടില്ലെന്നോ സാധ്യമല്ലെന്നോ അല്ല ഇവിടെ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. സഭയിലൂടെയാണ് നാം ദൈവത്തോടു ബന്ധപ്പെടുന്നതെങ്കിലും ആ ബന്ധം വ്യക്തിപരമായ ബന്ധമായി നിലനിർത്തണമെന്നതും സത്യമാണ്. എങ്കിലും സഭ അപമാനിക്കപ്പെടുമ്പോൾ വ്യക്തികളുടെ വിശ്വാസത്തിന് കോട്ടം തട്ടും എന്നത് നിഷേധിക്കാനാകാത്ത സത്യമാണ്. അതിനാൽ പ്രലോഭനത്തിൽ പ്രവേശിപ്പിക്കരുതേ അഥവാ ഉൾപ്പെടുത്തരുതേയെന്ന പ്രാർഥനയാണ് സഭാത്മകമായ ഒരു മാനം കൂടെയുണ്ടെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

(തുടരും...)

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന്**



**സെന്റ് ജോർജ്ജ്**
**ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കണേ**
**മേരി അമ്പിളി**
**പാലാരിവട്ടം**

www.malankaralibrary.com

# കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ (ലൂക്ക 11:1)

(കഴിഞ്ഞലക്കം തുടർച്ച.....)





**ബ്രദർ തോമസ് പോൾ കൊടിയൻ**

## 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ"

"കർത്തൃപ്രാർഥനയുടെ ആദ്യത്തെ വാക്യം പ്രാർഥന എന്നതിനേക്കാൾ ആരാധനയുടെ ഒരു സ്തുതിപ്പാണ്. ദൈവത്തെ "പിതാവെന്ന" നിലയിൽ സത്യദൈവമായി അംഗീകരിക്കുന്നത് ദൈവത്തിന് മഹത്വം നൽകുന്നതാണ്. സ്വന്തം നാമം നമുക്കു വെളിപ്പെടുത്തിയതിനും അതിൽ വിശ്വസിക്കാനുള്ള വരം നൽകിയതിനും അവിടുത്തെ സാന്നിധ്യത്തിൽ നാം വസിക്കുന്നതിനും നാം അവിടുത്തേക്കു നന്ദിയർപ്പിക്കുന്നു '(CCC 2781)

'സഭയുടെ പ്രാർഥന സംബോധന ചെയ്യുന്നതു സർവോപരി, പിതാവിനെ ആണെങ്കിലും എല്ലാ ആരാധനക്രമപാരമ്പര്യങ്ങളിലും ക്രിസ്തുവിനെ സംബോധനചെയ്യുന്ന പ്രാർഥനാ രൂപങ്ങളും അതുൾക്കൊള്ളുന്നു. സഭയുടെ പ്രാർഥനയിൽ ഉപയോഗിക്കപ്പെടുന്ന ചില സങ്കീർത്തനങ്ങളും പുതിയനിയമവും ദൈവപുത്രൻ, ദൈവവചനം, കർത്താവ്, രക്ഷകൻ, ദൈവത്തിന്റെ കുഞ്ഞാട്, രാജാവ്, പ്രിയപുത്രൻ, കന്യകാസുതൻ, നല്ല ഇടയൻ, നമ്മുടെ ജീവൻ, നമ്മുടെ വെളിച്ചം, നമ്മുടെ പ്രത്യാശ, നമ്മുടെ ഉയിർത്തെഴുന്നേൽപ്പ്, മനുഷ്യവംശത്തിന്റെ സ്നേഹിതൻ.. എന്നിങ്ങനെ ക്രിസ്തുവിനെ വിളിച്ച

www.malankaralibrary.com

പേക്ഷിക്കുന്ന വിഭിന്ന പ്രാർഥനാരൂപങ്ങൾ നമ്മുടെ അധരങ്ങളിൽ വച്ചുതരുകയും ഹൃദയങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു" (CCC 2665)

## ഈശോയിലൂടെ പിതാവിനെ അറിയുക

ഈശോ തന്നെ അരുളിച്ചെയ്തിട്ടുള്ളത് ഇങ്ങനെയാണല്ലോ: "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു". (യോഹന്നാൻ 14:9) "നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു. ഇപ്പോൾ മുതൽ നിങ്ങൾ അവനെ അറിയുന്നു. നിങ്ങൾ അവനെ കാണുകയും ചെയ്തിരിക്കുന്നു". (യോഹന്നാൻ 14:7). ഞാനും പിതാവും ഒന്നാണ്. (യോഹന്നാൻ 10:30). "യേശു പറഞ്ഞു: വഴിയും



സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹന്നാൻ 14:6). "ക്രിസ്തുവല്ലാതെ മറെറാരു മാർഗവും ക്രൈസ്തവപ്രാർഥനയ്ക്കില്ല. നമ്മുടെ പ്രാർഥന സാമൂഹികമായാലും വ്യക്തിഗതമായാലും, വാചികമായാലും ആന്തരികമായാലും അതിനു പിതാവുമായി ബന്ധമുണ്ടാകുന്നത് നാം "യേശുവിന്റെ നാമത്തിൽ" പ്രാർഥിക്കുമ്പോൾ മാത്രമാണ്. നമ്മുടെ പിതാവായ ദൈവത്തോടു പ്രാർഥിക്കാൻ പരിശുദ്ധാത്മാവു നമ്മെ പഠിപ്പിക്കുന്ന മാർഗം യേശുവിന്റെ പരിപാവനമായ മനുഷ്യപ്രകൃതിയാണ്". (CCC 2664)

## ദൈവപിതാവിന്റെ മക്കളായി നാമും

"തന്റെ ഏക പുത്രനിൽ നമ്മെ സ്വന്തം മക്കളായി ദത്തെടുത്തതിലൂടെ തന്റെ ജീവനിലേക്കു പുനർജനിക്കാൻ അവസരമുണ്ടാക്കിയതിന് നമുക്കു പിതാവിനെ ആരാധിക്കാം" (CCC 2782). നാം ദൈവത്തെ "പിതാവേ" എന്ന് വിളിക്കുമ്പോൾ നമുക്കുണ്ടായിരിക്കേണ്ട ആഴമായ വ്യക്തിബന്ധം എന്താണ്? നാം ആ പിതാവിന്റെ മക്കളാണ്. വിശുദ്ധ

www.malankaralibrary.com

പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നതു പോലെ "നാം മക്കളെങ്കിൽ അവകാശികളുമാണ്; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും" (റോമാ 8:17 ). 'നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച്, പുത്രസ്വീകാരത്തിന്റെ ആത്മാവിനെയാണു നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണു നാം ആബാ പിതാവേ എന്നു വിളിക്കുന്നത്. നാം ദൈവത്തിന്റെ മക്കളാണെന്ന് ഈ ആത്മാവു നമ്മുടെ ആത്മാവിനോട്ചേർന്ന് സാക്ഷ്യം നൽകുന്നു' (റോമാ 8: 15-16). നാം ദൈവപുത്രനായ ഈശോമിശിഹായോടൊപ്പം മക്കളായി ദത്തെടുത്തതിലൂടെ തന്റെ പിതാവിന്റെ ജീവനിലേക്ക് പുനർജനിക്കാൻ - പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിനോടു ചേർന്ന് നമ്മെ ഐക്യപ്പെടുത്തിയിരിക്കുന്നു. "ജ്ഞാനസ്നാനത്തിലൂടെ അവിടുന്ന് നമ്മെ തന്റെ ക്രിസ്തുവിന്റെ ശരീരത്തോടു കുട്ടിച്ചേർക്കുന്നു. ശിരസ്സിൽനിന്ന് മറ്റവയവങ്ങളിലേക്ക് ഒഴുകുന്ന തന്റെ ആത്മാവിന്റെ ലേപനത്താൽ അവിടുന്നു നമ്മെ "ക്രിസ്തു"മാരാക്കുന്നു' (CCC 2782). അങ്ങനെ പുത്രനും പരിശുദ്ധാത്മാവും കൂടിച്ചേർന്ന് നമ്മെ പിതാവിന്റെ ജീവനോടു ചേർത്ത് ഒന്നാക്കിയിരിക്കുന്നു. 'ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? (റോമാ 8:35).

സഭാ പിതാവായ വി. സിറിൽ ഓഫ് ജെറുസലേം (313 AD - 386 അടുത്ത) പഠിപ്പിക്കുന്നത് ഉദ്ധരിച്ചിരിക്കുന്നത് ഇപ്രകാരമാണ്: "തന്റെ ദത്തുപുത്രരായി നമ്മെ നിശ്ചയിച്ച് ദൈവം ക്രിസ്തുവിന്റെ മഹത്വമണിഞ്ഞ ശരീരത്തോട് നമ്മെ അനുരൂപരാക്കി. അതുകൊണ്ട് ക്രിസ്തുവിൽ പങ്കുകാരായ നാം "ക്രിസ്തുമാർ" എന്ന് വിളിക്കുക അനിശ്ചിതമല്ല" (വി. സിറിൽ ഓഫ് ജെറുസലേം CCC 2782).



www.malankaralibrary.com

വിശുദ്ധ സിപ്രിയൻ (Died on September 14, 258) നമ്മെ പഠിപ്പിക്കുന്നു : "കൃപാവരത്താൽ വീണ്ടും ജനിച്ച് തന്റെ ദൈവത്തിനു പുനർ പ്രതിഷ്ഠിക്കപ്പെടുന്ന പുതിയ മനുഷ്യൻ ആദ്യം പറയുന്നത്. "പിതാവേ" എന്നാണ്. കാരണം, ഇപ്പോൾ അവൻ പുത്രനാകാൻ തുടങ്ങിയിരിക്കുന്നു". (വിശുദ്ധ സിപ്രിയൻ – CCC 2782) അങ്ങനെ കർത്തൃപ്രാർഥന, പിതാവിനെ നമുക്കു വെളിപ്പെടുത്തുന്നതോടൊപ്പം നാം നമുക്കു തന്നെ വെളിപ്പെടുത്തപ്പെടുന്നു. വിശുദ്ധ അംബ്രോസ് പിതാവ് ഇപ്രകാരം പഠിപ്പിക്കുന്നു:

"ഓ! മനുഷ്യാ, നീ നിന്റെ മുഖം സ്വർഗത്തിലേക്കുയർത്താൻ ഒരുമ്പെട്ടില്ല. നിന്റെ ദൃഷ്ടി ഭൂമിയിലേക്ക് താഴ്ത്തുകയും ചെയ്തു. എന്നാൽ, പെട്ടെന്ന് ക്രിസ്തുവിന്റെ കൃപാവരം നീ സ്വീകരിക്കുകയും നിന്റെ പാപങ്ങളെല്ലാം ക്ഷമിക്കപ്പെടുകയും ചെയ്തു. ദുഷ്ട ഭൃത്യന്റെ നിലയിൽനിന്ന് നീ ഒരു നല്ല മകനായിത്തീർന്നു.... അതുകൊണ്ട്. ജ്ഞാനസ്നാനത്തിലൂടെ നിനക്കു ജന്മം നൽകുകയും സ്വപുത്രനിലൂടെ നിന്നെ രക്ഷിക്കുകയും ചെയ്ത പിതാവിങ്കലേക്കു കണ്ണുകൾ ഉയർത്തി പറയുക: "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ"... പക്ഷേ, ഒരു അവകാശവാദവും ഉന്നയിക്കരുത്. അവിടുന്ന് സവിശേഷമാംവിധം ക്രിസ്തുവിന്റെ മാത്രം പിതാവാണ്. പക്ഷേ, അവിടുന്നു നമുക്കെല്ലാവർക്കും പൊതു പിതാവാണ്. കാരണം, അവിടുത്തെ മാത്രമേ അവിടുന്ന് ജനിപ്പിച്ചിട്ടുള്ളു. എന്നാൽ നമ്മെ അവി ടുന്നു സൃഷ്ടിച്ചു. എങ്കിലും അവിടുത്തെ കൃപാവരത്താൽ "ഞങ്ങളുടെ പിതാവേ" എന്നു നീ പറയുക. അവിടുത്തെ പുത്രനാകാൻ നിനക്ക് അർഹത ലഭിക്കും". (CCC 2783) അങ്ങനെ, "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നു വിളിക്കാൻ ദൈവം തന്നെ നമ്മെ അർഹരാക്കിയിരിക്കുന്നു. എന്നാൽ, നമുക്ക് ഇനിയും വളരെയധികം പഠിക്കാനുണ്ട് എന്നുള്ള ബോധ്യത്തോടെ, കർത്തൃപ്രാർഥനയുടെ പ്രധാന ഭാഗമായ ആരാധനയും സ്തുതിയും ഉൾക്കൊണ്ടു, അതിൽ കൂടുതൽ സമയം ചെലവഴിച്ച് ധ്യാനിച്ച് ഉൾക്കൊണ്ടുകൊണ്ട് പ്രാർത്ഥിക്കാം: "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..."

ആമേൻ

(തുടരും.....)

www.malankaralibrary.com

# താലന്ത് മാസിക തപാലിൽ ലഭിക്കാൻ

താലന്ത് മാസികയുടെ
വാർഷിക വരിസംഖ്യ 180 രൂപ
മൂന്ന് വർഷത്തേയ്ക്ക് 500 രൂപ

ഈ തുക മണിഓർഡർ വഴിയോ
താഴെ കാണുന്ന
മൊബൈൽ നമ്പറിൽ ഗൂഗിൾ പേ വഴിയോ
അയ്ക്കാവുന്നതാണ്.

**CONTACT NUMBER**


**94474 41109**

**മാന്യവരിക്കാരുടെ ശ്രദ്ധയ്ക്ക്,**

**വരിസംഖ്യയുടെ കാലാവധി തീർന്നവർ
വരിസംഖ്യ പുതുക്കി താലന്ത് മാസികയുമായി
സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

www.malankaralibrary.com

# പാപസർപ്പപിശാചിന്റെ തല തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ



(കഴിഞ്ഞ ലക്കം തുടർച്ച)



എം. കോഴിമണ്ണിൽ

അന്നത്തെ സംഭവം ആദാം വിവരിക്കുകയാണ്.

'സർപ്പത്തിനു ശാപഗ്രസ്തമായ ശിക്ഷ നൽകിയതിനുശേഷം നിങ്ങളുടെ അമ്മയോടാണു കർത്താവു സംസാരിച്ചത്.

കർത്താവു നിങ്ങളുടെ അമ്മയോടു പറഞ്ഞു.

'നിന്റെ ഗർഭാരിഷ്ടതകൾ ഞാൻ വർദ്ധിപ്പിക്കും. നീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കും. നിന്റെ ഭർത്താവിനോടു നിനക്കു താല്പര്യമുണ്ടായിരിക്കും. നിന്നെ അവൻ ഭരിക്കയും ചെയ്യും.'.

'അമ്മേ , ഞങ്ങളെ പ്രസവിച്ചപ്പോൾ എങ്ങനെയായിരുന്നു. കർത്താവു പറഞ്ഞതു പോലെ വലിയ വേദനയുണ്ടായിരുന്നോ?'. മക്കൾ ഹവ്വയോടു ചോദിച്ചു.

'അയ്യോ എന്റെ കുഞ്ഞുങ്ങളെ. എന്തോരു വേദനയായിരുന്നു. എടാ കായേനേ, നിന്നെ പ്രസവിച്ചപ്പോഴാണ് ഞാൻ വേദന എന്താണെന്നറിയുന്നത്. ഞാൻ വാവിട്ടു കര

www.malankaralibrary.com

ഞ്ഞുപോയി. നിങ്ങളുടെ അപ്പൻ എന്നെ വളരെയധികം തിരുമ്മുകയും തടവുകയും തലോടുകയുമൊക്കെ ചെയ്തു. അതുകൊണ്ടൊന്നും വേദനയ്ക്കു കുറവുണ്ടായില്ല. ഇനിമേലിൽ പ്രസവിക്കുകയില്ലെന്ന് അന്നു ഞാൻ വിചാരിച്ചതാണ്.' ഹവ്വാ പറഞ്ഞു.

'അങ്ങനെയാണെങ്കിൽ എന്തിനാണു പിന്നെയും എന്നെ പ്രസവിച്ചത് ? ' ഹാബേൽ ചോദിച്ചു.

'മോനേ, പ്രസവിച്ചു കഴിഞ്ഞപ്പോൾ വേദന പോയി. പിന്നീടതു മറന്നു. പ്രസവിച്ചു കഴിഞ്ഞ് കുഞ്ഞിനെ കണ്ടപ്പോൾ ഉണ്ടായ സന്തോഷം ആ വേദനയേക്കാൾ വളരെ വലുതായിരുന്നു. ഒരു കുഞ്ഞുകൂടിയുണ്ടെങ്കിൽ സന്തോഷം ഇരട്ടിയാകുമല്ലോ എന്നു തോന്നി. കർത്താവിന്റെ വാക്കുപോലെ അതിനുള്ള അഭിലാഷം മനസ്സിൽ തോന്നി.' ഹവ്വാ പറഞ്ഞു.

'ഇനി അപ്പനോടു കർത്താവ് എന്താണു പറഞ്ഞത് ?' മക്കൾ ചോദിച്ചു.

'കർത്താവു പറഞ്ഞതു പറയുന്നതിനു മുമ്പു ഞാൻ ഒന്നു പറയട്ടെ. ഞാൻ പറഞ്ഞല്ലോ ആദ്യം ഞങ്ങൾ എപ്പോഴും ഒരുമിച്ചായിരുന്നെന്ന്. വിലക്കപ്പെട്ട ആ പഴം ഏതു മരത്തിലെന്നും അതു കഴിച്ചാൽ സംഭവിക്കുന്നതെന്തായിരിക്കുമെന്നും ഞങ്ങൾക്കു രണ്ടുപേർക്കുമറിയാമായിരുന്നു. ഒരു ദിവസം അല്പനേരത്തേക്കു ഞാനൊന്നു മാറിയപ്പോൾ ആ സർപ്പവുമായി കുശലം പറയാൻ പോയതിന്റെ ഫലമാണ് ഇന്നു നമ്മളനുഭവിക്കുന്നത്. സർപ്പം പറഞ്ഞതു കേട്ട് ഇവൾ പഴം പറിച്ചു തിന്നു. ഒരെണ്ണം പറിച്ച് എനിക്കും തന്നു, ഞാനും തിന്നു.'

പെട്ടെന്നു ഹാബേൽ ചോദിച്ചു. 'അപ്പനറിയാമായിരുന്നില്ലേ അതു തിന്നാൻ പാടില്ലാത്തതായിരുന്നെന്ന്. പിന്നെന്തിനാണതു തിന്നത് ?'

'മോനേ നിന്റെയമ്മ തന്നതല്ലേ. അതുവരെ ഞങ്ങളിരുവരും പഴങ്ങൾ പറിച്ച് പരസ്പരം കൊടുത്തും തിന്നുമാണു തോട്ടത്തിൽ നടന്നത്.

ഇവൾ തന്നു, ഒന്നും ചിന്തിക്കാതെ ഞാനതു കഴിച്ചു. തിന്നു കഴിഞ്ഞപ്പോഴല്ലേ തെറ്റുപറ്റിയെന്നറിഞ്ഞത്'.

കുറ്റബോധത്തോടെ ആദാം പറഞ്ഞു.

'ഇനി കർത്താവ് എന്നോടു പറഞ്ഞതു കേൾക്കണ്ടേ ?

ആദാം ചോദിച്ചു.

(തുടരും.....)

www.malankaralibrary.com





ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

# ക്രിസ്തുവിന്റെ യുവജനങ്ങൾ

യുവജനങ്ങൾ ക്രിസ്തുവിന്റെ പോരാളികൾ
സ്നേഹസേവനത്തിനുള്ള തേരാളികൾ
സാമ്രാജ്യവ്യാപനത്തിൽ പങ്കാളികൾ
സാന്ത്വനങ്ങളേകുവോർ ശുശ്രൂഷികൾ
യുവജനങ്ങൾ ക്രിസ്തുവിന്റെ ദൂതുവാഹകർ
ലോകമഖിലവും തന്റെ പ്രേഷിതർ!

ക്രിസ്തുവിന്റെ മാനസം പകർന്നിടുന്നവർ
ക്രിസ്തുവിന്റെ ദർശനം പരത്തിടുന്നവർ
ക്രിസ്തുവിന്റെ വീക്ഷണം പുലർത്തിടുന്നവർ
ക്രിസ്തുവിന്റെ ആർദ്രത പങ്കുവയ്ക്കുവോർ
പ്രേമഗീതമാലപിക്കും ഗായകവൃന്ദം
ആശ്വാസമേകുവോർ, നമുക്കു സ്വന്തം!

യുദ്ധഭീതിയകറ്റുന്ന ധീരരാണവർ
ശാന്തികന്ദളം വിടർത്തുമാശ്വാസകർ
ക്രിസ്തുവിന്റെ ചൈതന്യമെങ്ങുമേകുവോർ
ക്രിസ്തുവിന്റെ ജീവിതം മാർഗമാക്കുവോർ
ക്രിസ്തുവിന്റെ മാതൃക കർമമാക്കുവാൻ
ആത്മാവിലാദ്യമേ വ്രതമെടുത്തവർ!

താളുകളിലൂടെ...

www.malankaralibrary.com



**കെസിബിസി ബൈബിൾ കമ്മീഷൻ നടത്തിയ സാഹിത്യ രചനാ മത്സരത്തിൽ രണ്ടാം സമ്മാനം കരസ്ഥമാക്കിയ ചെറുകഥ**

**ഗ്രേസി ജോർജ്ജ്, മാനന്തവാടി രൂപത**



# ഒരു യാത്രയുടെ തുടക്കം

ബേർശേബയിൽ നിന്നും ഏലിയാവ് ഒരുനാൾ വീണ്ടും നടന്നു, ജസബെല്ലിന്റെ കണ്ണ് എത്താത്ത ദൂരം.... നാലുപാടും തന്നെ അന്വേഷിച്ച് നടക്കുന്ന ഭടൻമാരുടെ ആരവം ഏലിയാവിന്റെ ഹൃദയത്തിന്റെ താളം തെറ്റിച്ചു. വരൾച്ച നക്കി കുടിച്ച മരുഭൂമിയുടെ കോണിൽ ഒരു വാടാമുൾച്ചെടിയുടെ കീഴിൽ ചുരുണ്ടു കിടക്കുന്ന ഏലിയാവിന്റെ ചുണ്ടുകൾ വിതുമ്പി. സൂര്യനിൽ നിന്നിറ്റുവീഴുന്ന.... ഏലിയാവിന്റെ ശരീരത്തെയും ജസബെല്ലിന്റെ വാക്കുകൾ അദ്ദേഹത്തിന്റെ ഹൃദയത്തെയും കൊത്തി വലിച്ചു കൊണ്ടിരുന്നു. “മതി യഹോവേ... മതി... എനിക്കിനി മരിച്ചാൽ മതി... നിനക്കുവേണ്ടി ഞാൻ... എന്റെ പിതാക്കൻമാരെക്കാൾ

www.malankaralibrary.com

നല്ലവനെന്നുമില്ലല്ലോ... എന്നെ അങ്ങെടുക്കണമേ.” ചുരുട്ടിയിട്ട തുണിക്കെട്ടുപോലെ ചെടിച്ചുവട്ടിൽ കിടന്ന ഏലിയാവിന്റെ ഹൃദയം തേങ്ങി... ഉറക്കത്തിന്റെ ഏതോ യാമത്തിൽ “എഴുന്നേറ്റു തിന്നുക” ദൈവത്തിന്റെ ദൂതൻ അദ്ദേഹത്തെ തട്ടി വിളിച്ചു. ഒരു ഞെട്ടലിൽ ഉണർന്ന ഏലിയാവിന്റെ മുന്നിൽ ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും ഒരു പാത്രം വെള്ളവും. അദ്ദേഹം അതെടുത്തു കഴിച്ചു. കെരീത്ത് തോടിന്റെ കരയിൽ വെച്ച് കാക്ക കൊണ്ടുവന്ന അതേ അപ്പത്തിന്റെ രുചി. കഴിച്ച അപ്പത്തിന്റെ ആലസ്യത്തിൽ താമരപ്പൂ കൂമ്പുന്നതുപോലെ കണ്ണുകൾ അടഞ്ഞു. എത്ര നേരം അങ്ങനെ കിടന്നു എന്നറിയില്ല... വീണ്ടും ദൂതൻ തട്ടി വിളിച്ചു. ‘തിന്നു കുടിച്ചുകൊൾക, ദീർഘദൂരം സഞ്ചരിക്കേണ്ടതുണ്ട്.’ ആഹാരം കഴിച്ച് ബലപ്പെട്ട ഏലിയാവ് വീണ്ടും യാത്ര തുടർന്നു...

ഗുഹയിൽ നിന്നും പറന്നുയരുന്ന വവ്വാലുകൾ കണക്കെ ഓർമ്മകൾ ഒന്നൊന്നായി പറന്നു നടന്നു. ആഹാബ് രാജാവിന്റെയും ജസബെൽ രാജ്ഞിയുടെയും നെറികേടുകൾക്ക് മുൻപിൽ ഞാൻ എന്ത് തീരുമാനമാണ് എടുക്കേണ്ടത്... ഒന്നും വേണ്ടിയിരുന്നില്ല എന്ന് പലപ്പോഴും തോന്നി. പക്ഷേ! യഹോവയുടെ കല്പനകൾക്കെതിരെയാണല്ലോ അവർ ചെയ്യുന്നതെല്ലാം... “ഞാൻ ചെയ്തതു തന്നെയാണ് ശരി” സ്വയം കുറ്റപ്പെടുത്തിയും ന്യായീകരിച്ചും വിണ്ടുകീറിയ മൺപാതയിലൂടെ നഗ്നപാദനായി നടന്നു.

പ്രവാചകൻ ആഹാബിനോട് പറഞ്ഞു: “വരുന്ന കൊല്ലങ്ങളിൽ ഞാൻ പറഞ്ഞതല്ലാതെ മഞ്ഞോ മഴയോ പെയ്യുകയില്ല.” എന്ന് ഘനമുള്ള ശബ്ദത്തിൽ കൈയുയർത്തി പറഞ്ഞപ്പോൾ രാജ്യം പ്രകമ്പനം കൊണ്ടു. പിന്നീടുള്ള തന്റെ യാത്രയിലുടനീളം യഹോവയുടെ കൈ തന്റെ കൂടെയുണ്ടായിരുന്നു എന്ന് ശരിക്കും അറിഞ്ഞിരുന്നു. കെരീത്ത് തോട്ടിൻകരയിലെ വാസം എത്ര മനോഹരമായിരുന്നു, ദൈവത്തിന്റെ ദൂതൻ എടുത്തു കൊണ്ടുപോയത് ഒരു പ്രത്യേക അനുഭവമായിരുന്നു.

www.malankaralibrary.com

സൂര്യന്റെ കൈകൾ തോട്ടിലെ അവസാന തുള്ളി വെള്ളവും കോരി കുടിച്ചതോടെ അവിടുത്തെ വാസവും അവസാനിച്ചു.

ദൂതന്റെ നിർദ്ദേശമനുസരിച്ച് സീദോനിലെ സറേഫാത്തിലേക്ക്. ആത്മഹത്യ ചെയ്യാനിരുന്ന വിധവയുടെയും മകന്റെയും അടുത്തേക്ക്. ജീവിതത്തിൽ അപ്പവും എണ്ണവും വറ്റാത്ത ദിനങ്ങൾ... ഓ! എത്ര വേഗ മാണ് അവർ മറന്നത്. വിധവയുടെ വീടിന്റെ മുകളിലെ മുറിയിൽ ഇരിക്കുമ്പോളാണ് ജീവൻ പറിഞ്ഞുപോകുന്ന കരച്ചിൽ കേട്ടത്. എടു ത്തെറിയപ്പെട്ടതുപോലെ താഴെയെത്തി നോക്കുമ്പോൾ വിധവയ്ക്ക് ആശ്വാസമായ ഏക മകൻ അടർന്നുവീണ പൂപോലെ കിടക്കുന്നു. ഞാനെ ന്തോ തെറ്റ് ചെയ്തതുപോലെയായിരുന്നു വിധവയുടെ നോട്ടവും സംസാ രവും. “ദൈവപുരുഷനേ എന്ത് കൊണ്ടാണ് അങ്ങ് എന്നോട് ഇങ്ങനെ ചെയ്തത്. എന്റെ പാപങ്ങൾ ഓർമ്മിപ്പിക്കേണ്ടതിനും എന്റെ മകനെ കൊല്ലാനുമാണോ അങ്ങ് ഇവിടെ വന്നത്? ആത്മഹത്യ ചെയ്യാൻ ഒരുങ്ങിയിരുന്നവരാണ് ഇത് പറയുന്നതെന്ന് ഓർത്തപ്പോൾ വല്ലാത്ത വേദന തോന്നി. അവളുടെ നോട്ടം സൂചിപോലെ ആഴ്ന്നിറങ്ങി ഹൃദയം പൊട്ടികിറീ, കുത്തിയൊലിച്ച് കണ്ണുനീർ ദൈവസന്നിധിയിൽ എത്തി. “ഈ സ്ത്രീയുടെ മകനെ തിരികെ നൽകണമേ.” തുളുമ്പിയ വാക്കുകൾ അടർന്നുവീഴുന്നതിനു മുമ്പ് ദൈവം അത്ഭുതം പ്രവർത്തിച്ചു. ആരോഗ്യ ത്തോടെ മകനെ അമ്മയെ ഏൽപ്പിച്ചു. “ഹോ... നീ ദൈവപുരുഷൻ തന്നെ.” കുറ്റപ്പെടുത്തിയ നാവിന്റെ പുകഴ്ത്തൽ വകവെക്കാതെ ചന്ദ്രശോഭ യുള്ള മുഖത്തുനിന്നടർന്നു വീണ ചെറുപുഞ്ചിരി സമ്മാനിച്ച് സ്വസ്ഥാന ത്തേക്ക് പോയി.

പൂ വിടർന്നു കൊഴിയുന്നതുപോലെ മൂന്നുവർഷം അടർന്നു വീണു. “നീ ആഹാബിനെ കാണു” എന്ന ദൈവത്തിന്റെ അരുളപ്പാടിൽ കഠിന ക്ഷാമത്തിൽ വെന്തുരുകുന്ന ശമര്യയിൽ മഞ്ഞിനെയും മഴയെയും എടുത്തു കളഞ്ഞവന്റെ കാൽ പതിഞ്ഞു. പിന്നീട് നടന്നത് അപ്രതീക്ഷിത

www.malankaralibrary.com

സംഭവങ്ങളായിരുന്നു. ബാലിന്റെ ദേവൻമാരും ദൈവത്തിന്റെ ദാസനും തമ്മിലുള്ള പോരിൽ ജീവനുള്ള ദൈവം ആരെന്ന് മനസ്സിലാക്കാൻ ചുറ്റും കൂടിയ ജനങ്ങളെ അത്ഭുതപ്പെടുത്തിക്കൊണ്ട്, അറുത്ത് കഷണങ്ങളാക്കിയ യാഗവസ്തുവിൽ ഇറങ്ങിവന്ന ദൈവത്തിന്റെ അഗ്നി ആളിപ്പടർന്നു അത് ജനഹൃദയങ്ങളിലേക്കും പടർന്നു. ബാലിന്റെ ദേവൻമാരുടെ കബന്ധങ്ങൾ ചിതറിക്കിടന്നു... തോട്ടിലൂടെ ഒഴുകിയ വെള്ളം ചെന്നിണമണിഞ്ഞു. കർമ്മൽ പർവ്വതത്തിന്റെ നെറുകയിൽ തല കുമ്പിട്ടിരുന്നു കൊണ്ട് ഭൃത്യനോട് 'കടലിനു നേരെ നോക്കൂ. എന്തെങ്കിലും കാണുന്നുണ്ടോ?' 'ഇല്ല' ഭൃത്യൻ പറഞ്ഞു. ഏഴ് പ്രാവശ്യം ഇപ്രകാരം ചോദിച്ചു. മടുപ്പില്ലാതെ ഭൃത്യൻ പോയി നോക്കുകയും മറുപടി പറയുകയും ചെയ്തു. ഏഴാം പ്രാവശ്യം ഭൃത്യൻ ഓടിവന്ന് യജമാനനേ കൈപ്പത്തി പോലൊരു ചെറിയ മേഘം കാണുന്നു.' ആഹാബ് രാജാവേ മഴ നിന്നെ തടുക്കാതിരിക്കേണ്ടതിന് രഥം പൂട്ടി വേഗം പോകൂ..' മിന്നൽ പോലെ ആഹാബിനു മുൻപേ ജെസ്രേലിൽ എത്തും വരെ ഞാൻ ഓടുകയും ചെയ്തു.

ജസബെല്ലിന്റെ വാക്കുകൾ ആഞ്ഞടിച്ച കാറ്റിലും മഴയിലും കലർന്നു. 'നാളെ ഈ നേരത്ത് നിന്റെ ജീവനെ ഞാൻ എടുത്തില്ലെങ്കിൽ എന്റെ ദൈവങ്ങൾ എന്നോട് ചോദിക്കട്ടെ.' ഭയത്തിന്റെ നാല്പതു രാവും പകലും അടർന്നു വീണതിന്റെ അവസാനം 'മരിച്ചു കിട്ടിയെങ്കിൽ' എന്ന ആഗ്രഹത്തോടെ വാടാമുൾച്ചെടിയുടെ കീഴിൽ കിടന്ന എന്നെയാണ് അപ്പവും വെള്ളവും തന്ന് ഇവിടെ എത്തിച്ചിരിക്കുന്നത്.

"യഹോവയ്ക്ക് വേണ്ടി ശുഷ്കാന്തിയോടെ എന്തൊക്കെ ഞാൻ ചെയ്തു. ഈ കഷ്ടപ്പാടല്ലാതെ എന്തെങ്കിലും എനിക്ക് തിരിച്ചു തരാനുണ്ടോ?"... ഹൃദയം നുറുങ്ങിക്കൊണ്ടിരുന്നു. ദൈവത്തിന്റെ പർവ്വതമായ ഹോരേബിൽ എത്തി. ഒരു ഗുഹയിൽ കടന്ന് രാത്രിയുടെ ഗർഭപാത്രത്തിൽ സുരക്ഷിതനാണെന്ന ചിന്തയിൽ സമാധാനമഞ്ഞിൽ കുതിർന്നിറങ്ങി വിശപ്പും ദാഹവുമില്ലാതെ എത്രനാൾ... ശരീരത്തിനും മന

www.malankaralibrary.com

സ്സിനും ആരോഗ്യം കൂടിയതല്ലാതെ കുറവില്ല. 'ഏലിയാവേ നീ ഇവിടെ എന്ത് ചെയ്യുന്നു?' ഗാംഭീര്യമുള്ള ശബ്ദം കേട്ട് ഏലിയാവ് ഒന്നു ഞെട്ടി. ദൈവത്തിന്റെ ശബ്ദമാണ് എന്ന് തിരിച്ചറിഞ്ഞ നിമിഷം പരാതികളുടെ ഭാണ്ഡകെട്ട് അഴിഞ്ഞുവീണു. 'ഇസ്രായേൽ മക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ചു. യാഗപീഠങ്ങളെ ഇടിച്ചു കളഞ്ഞു. പ്രവാചകൻമാരെ വാളു കൊണ്ട് കൊന്നു. ഞാൻ മാത്രം ശേഷിച്ചിരിക്കുന്നു. അവർ എനിക്കും ജീവഹാനി വരുത്താൻ നോക്കുന്നു. "നീ പുറത്തുവന്ന് പർവ്വതത്തിൽ യഹോവയുടെ മുൻപാകെ നിൽക്ക്." ശബ്ദത്തിന്റെ ഉറവിടം തേടി ഏലിയാവ് ഗുഹയുടെ പുറത്തേക്കിറങ്ങി.

പാറകളെ കീറിക്കളയുന്ന കൊടുങ്കാറ്റിലും ഭൂകമ്പത്തിലും ആളിക്കത്തുന്ന തീയിലും ഇല്ലാതിരുന്ന യഹോവയുടെ മൃദുസ്വരം... ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് അടർന്നു വീണു. നനുത്ത മഴ പെയ്യുന്നത് പോലെ ദൈവത്തിന്റെ വാക്കുകൾ ഏലിയാവിൽ ചാറികൊണ്ടിരുന്നു... ദമ്മേശെക്കിന്റെ മരുഭൂമി വഴിയായി മടങ്ങിപോവുക. ഹസായേലിനെ ആരാം രാജാവായി അഭിഷേകം ചെയ്യുക. നിംഷിയുടെ മകനായ യേഹുവിനെ ഇസ്രായേൽ രാജാവായി അഭിഷേകം ചെയ്യണം. പിന്നീട് സാഫാത്തിന്റെ മകനായ എലീശായെ നിനക്കു പകരം പ്രവാചകനായി അഭിഷേകം ചെയ്യുക. ദൈവത്തിന്റെ വാക്കുകളിൽ കുതിർന്നുനിന്ന ഏലിയാവിന് തന്റെ നാളുകൾ ഏറ്റവും അടുത്തു എന്ന് തീർച്ചയായി. പതിയെ എഴുന്നേറ്റ് തനിക്ക് ശേഷം മുളപൊട്ടിയ കുറ്റിയെ തേടി യാത്രയായി. ആരും എവിടെയും അവസാനിക്കുന്നില്ല... തനിക്ക് ശേഷം ഒരു തളിർ പൊട്ടി കിളിർക്കുന്നത് സ്വപ്നം കണ്ട് ഒരു യാത്ര... മടങ്ങാത്ത യാത്ര.

*

www.malankaralibrary.com

ബൈബിൾ കവിത

**കെസിബിസി ബൈബിൾ കമ്മീഷൻ നടത്തിയ സാഹിത്യ രചനാ മത്സരത്തിൽ മൂന്നാം സമ്മാനം കരസ്ഥമാക്കിയ കവിത**

**സി.രാജൻ, കണ്ണൂർ രൂപത**

# മരിച്ചുയിർത്ത ക്രിസ്തുവും മരിച്ചുയിർക്കുന്ന സഭയും

(വൃത്തം മഞ്ജരി)

(മത്താ. 2.27:62-66, മത്താ.-28:1-10, മർ. 15:33-47, മർ.16:1-18,
ലൂക്കാ 23:50-56, ലൂക്കാ 24:36-43, യോഹ.19:28-30 യോഹ 20:1-8

പാപവിമോചകൻ ക്രൂശിൽക്കിടന്നോതി,
*1 "പൂർത്തിയായെ"ന്ന വചന സുധ!
"പൂർത്തിയായെ"ന്നതുത്പത്തിയിലും വെളി-
പാടിലുമുള്ള തിരുവചനം !

നിക്കോദേമോസുമരിമത്തിയായിലെ
നീതിമാൻ ജോസഫുമേശുവിന്റെ
നിശ്ചല ദേഹം ശവക്കല്ലറയ്ക്കുള്ളിൽ
നഷ്ടബോധത്തോടെ സംസ്കരിച്ചു!

*2 യേശുവുയിർക്കുമെന്നോർക്കാൻ ഭയക്കുന്ന
യൂദർ പിലാത്തോസിനോടുചൊല്ലി:
"യേശുവിൻ കല്ലറയ്ക്കേ കണം കാവലു -
യിർപ്പെന്ന വ്യാജക്കഥ തകർക്കാൻ"

"കാവൽ നിങ്ങൾതന്നെയേകുക കല്ലറയ്-
ക്കെന്നു പിലാത്തോസ് കല്പിച്ചതിനാൽ,

www.malankaralibrary.com

*2a കല്ലറയ്ക്കാവോളം കാവലേകി യൂദർ,
കല്ലിനു മുദ്രയും വച്ചു തിണ്ണം !

*3 "ദൈവം ജനിച്ചാൽ മനുഷ്യൻ മരിക്കുമെ-"
ന്നേതോ മഹാൻ പ്രവചിച്ചു പോലും !
*4 ദൈവം മരിച്ചാൽ മനുഷ്യൻ മരിക്കുമെ-
ന്നുള്ളതത്രെ മഹനീയ സത്യം!

ക്രിസ്തുവിൻ പാദന്യാസം കല്ലറയ്ക്കുള്ളിൽ
കേട്ട കാവൽക്കാരസ്തപ്രജ്ഞരായ്!
കാപട്യം കാൽതെറ്റി വീണതുകണ്ടപ്പോൾ
*5 കാലം ചിരിച്ചു, സ്വർഗ്ഗം ചിരിച്ചു!

മൂന്നാം ദിനം മൂന്നു നാരികൾ കല്ലറ
സന്ദർശിക്കാനെത്തി കാൽവരിയിൽ;
ശൂന്യമാം കല്ലറയിൽ നിന്നു മാലാഖ
ഉത്ഥാന സന്ദേശമേകി മുദാ!

ക്രിസ്തു മരിച്ചതാണത്ഭുതം മാലാഖയ്-
ക്കുത്ഥാനത്തിൽ തെല്ലുമില്ലത്ഭുതം !
എത്രയുദാത്ത, മവർണ്ണനീയം, ക്രിസ്തു -
നാഥന്റെ മൃത്യുവുമുത്ഥാനവും!

യേശു മറിയത്തെ പേരു ചൊല്ലി വിളി -
ച്ചാശാവിഹായസ്സിലേക്കുയർത്തി !
യേശുവവൾക്കിദമേകിയുയിർപ്പിന്റെ
ശാശ്വത ബോധദീപ്തി പ്രവാഹം!

ക്രിസ്തുവപ്പസ്തോലന്മാരോടു കല്പിച്ചു:
'ഘോഷിക്കുവിൻ സുവിശേഷമെങ്ങും."

www.malankaralibrary.com

കല്പന പാലിച്ച ശിഷ്യന്മാർ കണ്ടതു
*6 ക്രിസ്ത്യാനികൾ നിറയുന്ന ലോകം!

മർത്ത്യ ചരിത്രത്തിലേക്കവരോഹണ-
മുന്നതത്തിൽ നിന്നു ചെയ്ത ദൈവം
മൃത്യു വരിച്ചുയിർത്തേകി മനുഷ്യന -
മർത്ത്യതയെന്നുദ് ഘോഷിച്ചു ശിഷ്യർ !

പർവ്വതം പോലെ വലുതായ പാപവും
പുത്രന്റെ പുണ്യരക്തത്താൽ നീക്കാൻ
പാരിൽ സുതനെയയച്ച പിതാവിന്റെ
പാവനസ്നേഹം ഘോഷിച്ചു ശിഷ്യർ !

പീഡനം കൊണ്ടപ്പസ്തോലരെ ശത്രുക്കൾ
പേർത്തും തകർക്കാൻ ശ്രമിച്ചെങ്കിലും,
പീഡനം പൂർണ്ണ വാക്കല്ലെന്നറിയിച്ചു
*7 പ്രേഷിതരായ നിണ സാക്ഷികൾ !

എന്നും സഭയിലനുഭവ വേദ്യമാ -
കുന്ന പ്രതിഭാസമാണുത്ഥാനം 1
.എന്നും കുരിശിലേറുന്നു, മരിക്കുന്നു,
എന്നുമുയിർക്കുന്നു സത്യസഭ!

യേശുവിൻ ശൂന്യമാം കല്ലറയേകുന്ന -
നശ്വരസാക്ഷ്യ മുയിർപ്പിനെന്നും !
*8 യേശുവുയിർത്ത മഹാസംഭവം വെറു-
മാശയത്തിൻ കൊടിസ്തംഭമല്ല!

www.malankaralibrary.com

*1 ഉത്പത്തി 2:2 പ്രകാരം ഏഴാം ദിവസം ദൈവം സൃഷ്ടികർമ്മം പൂർത്തിയാക്കി. വെളിപാട് 21:1 പ്രകാരം പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും സൃഷ്ടിയും പൂർത്തിയായി). ഉത്പത്തിക്കും വെളിപാടിനുമിടയിൽ എല്ലാം പൂർത്തിയായിരിക്കുന്നു (യോഹ. 19:30) എന്ന തിരുവചനം ക്രൂശിതനിൽ നിന്ന് ഉയർന്നു.

*2 യേശുവിന്റെ ശിഷ്യന്മാർ അവിടുത്തെ മൃതശരീരം മോഷ്ടിച്ചിട്ട് അവിടുന്ന് ഉത്ഥാനം ചെയ്തു എന്ന് ജനങ്ങളോടു പറയുമെന്ന് പ്രധാന പുരോഹിതൻമാരും ഫരിസേയരും പിലാത്തോസിനോടു പറഞ്ഞു (മത്താ. 27:62-64).

തിണ്ണം =വേഗത്തിൽ

*4 'ഒരുവൻ എല്ലാവർക്കും വേണ്ടി മരിച്ചുവെന്നും അതിനാൽ എല്ലാവരും മരിച്ചുവെന്നും ഞങ്ങൾക്കു ബോധ്യമുള്ളതിനാൽ, ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു."(2 കൊറി 5:14).

*5 കർത്താവിനും അവിടുത്തെ അഭിഷിക്തനും എതിരേ ഭൂമിയിലെ രാജാക്കന്മാർ അണിനിരക്കുകയും ഭരണാധിപന്മാർ കൂടിയാലോചിക്കുകയും ചെയ്തപ്പോൾ സ്വർഗ്ഗത്തിലിരിക്കുന്നവൻ അതുകേട്ടു ചിരിച്ചതായി സങ്കീ. 2:4-ൽ രേഖപ്പെടുത്തിയിരിക്കുന്നത് സാർത്ഥകമായി.

*6 അപ്പ. പ്രവ. 2:41ലും അപ്പ. പ്രവ. 4:4 ലും അനേകായിരങ്ങൾ ക്രിസ്തുമതം സ്വീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

*7 പീഡനത്തിനപ്പുറത്ത് ഉയിർപ്പുണ്ടെന്നതിനാൽ പിഡനം പൂർണ്ണവാക്കോ അന്ത്യവാക്കോ അല്ല. ഉത്ഥിതനായ ക്രിസ്തുവാണ് അന്ത്യവാക്ക്

*8 യേശുവിന്റെ ഉത്ഥാനം ഒരു ചരിത്ര സംഭവമാണ്. ആശയപ്രകശനത്തിനോ പ്രചാരണത്തിനോ ഒരു സ്തംഭത്തിൽ കെട്ടിയ കേവലം ഒരു അടയാള ശീലയല്ല യേശുവിനെ സംസ്കരിച്ച കല്ലറ ശൂന്യമായി കാണപ്പെട്ട സംഭവം.

**താളുകളിലൂടെ...**

www.malankaralibrary.com

ചെറുകഥ

# ഒരു ഇവന്റ്മാനേജ്മെന്റ് യാത്രയയപ്പ്

ജെയിംസ് ചൂരനോളി
സെന്റ് അഗസ്റ്റിൻസ് എച്ച്എസ്എസ് രാമപുരം



ദിനപത്രത്തിന്റെ ആദ്യപേജിൽ നാലിലൊന്നു ഭാഗത്തു നിറഞ്ഞുനിൽക്കുന്ന ചരമ പരസ്യത്തിലെ സുപരിചിതമായ മുഖമാണ് ഔതച്ചന്റെ ശ്രദ്ധയെ ആകർഷിച്ചത്.

"എടിയേ...".

ഔതച്ചൻ ഉച്ചത്തിൽ വിളിച്ചു. ഭാര്യ മറിയക്കുട്ടി പൂമുഖത്തേക്കു ധൃതിയിൽ എത്തി, ഔതച്ചൻ കണ്ണടയൊന്നമർത്തി സ്വരമുയർത്തി വായിച്ചു.

"ഞാറയ്ക്കൽ പരേതനായ ചാണ്ടിദേവസ്യയുടെ ഭാര്യ അന്നമ്മ ചാണ്ടി എൺപത്തിനാലു വയസ് നിര്യാതയായി. സംസ്കാര ശുശ്രൂഷകൾ ഇന്ന് ഉച്ച കഴിഞ്ഞ് രണ്ടുമണിക്ക് സ്വഭവനത്തിൽ ആരംഭിക്കുന്നതും....".

"നമുക്കും പോണ്ടേ മരിച്ചടക്കിന്"

വായനയ്ക്ക് ഭംഗം വരുത്തി മറിയക്കുട്ടി ഇടയ്ക്കു കയറി.

"എടീ മക്കളുടേയും മരുമക്കളുടേയും കൊച്ചുമക്കളുടേയും പേരുണ്ട്."

www.malankaralibrary.com

“അതുകൊണ്ടെന്താ. പെൺമക്കളു മൂന്നെണ്ണത്തിനേ നമ്മളു ചുമന്നു കൊണ്ടു നടന്നതല്ലേ? ഒരു കുടുംബം പോലെ ഇവിടെ കഴിഞ്ഞുകൂടിയതൊക്കെ മറക്കാൻ പറ്റോ?. നിങ്ങളടക്കിനു പോവുന്ന കാര്യം പറ മനുഷ്യാ.”

ഔതച്ചൻ പത്രം മടക്കി എഴുന്നേറ്റു.

“എടീ, മക്കളു വണ്ടിയൊരെണ്ണം വാങ്ങിച്ചു തന്നിരിക്കുന്നത് ഇത്തരം കാര്യങ്ങൾക്കുപകരിക്കാനാ. നാലഞ്ചുമണിക്കൂറ് യാത്രയുണ്ട്. അത്രേടം എത്താൻ ഞാനാ ഡ്രൈവറ് സോമനെയൊന്നു കിട്ടുമോന്നു നോക്കട്ടെ. നീയൊരുങ്ങിക്കോ.”

മറിയക്കുട്ടിയുടെ മുഖം തെളിഞ്ഞു. അവർ വീടിനകത്തേക്ക് പിന്തിരിഞ്ഞു. ഔതച്ചൻ ടീപ്പോയിലിരുന്ന മൊബൈലുമെടുത്ത് മുറ്റത്തേിറങ്ങി.

നഗരത്തിന്റെ തിരക്കിൽനിന്നും ഒഴിഞ്ഞ നാലുവരിപ്പാതയിൽനിന്നും വിളിപ്പാടകലെ പ്രൗഢിയിൽ പടുത്തുയർത്തിയ ഇരുനിലവീട്

ഞാറയ്ക്കൽ ഭവനം

നാഷണൽ ഹൈവേയുടെ ഇരുവശങ്ങളും വാഹനങ്ങളുടെ നീണ്ടനിര.

വിശാലമായ വീടുമുറ്റം നിറഞ്ഞുനിൽക്കുന്ന പന്തലിൽ നിറയെ ആൾക്കൂട്ടം. ആൾക്കൂട്ടത്തിനു നടുവിൽ വെള്ളവിരി വിരിച്ച് മേശമേൽ വച്ച തിളങ്ങുന്ന ശവപ്പെട്ടിക്കുള്ളിൽ കുരിശു പിടിച്ച് കൈകൾ കൂപ്പി അന്നമ്മ ചാണ്ടി അന്ത്യയാത്രയ്ക്കായി ഒരുങ്ങികിടക്കുന്ന കാഴ്ച നിർന്നിമേഷനായി ഔതച്ചനും

മറിയക്കുട്ടീം ഏതാനും നിമിഷങ്ങൾ നോക്കി നിന്നു.

പ്രാർത്ഥനാ മന്ത്രങ്ങളും ചരമഗീതങ്ങളും അന്തരീക്ഷം ശബ്ദമുഖരിതമാക്കി. എരിഞ്ഞടങ്ങുന്ന സാമ്പ്രാണിത്തിരിയുടെ ഗന്ധം.

മേശയ്ക്കു ചുറ്റും റീത്തുകളുടെ കൂമ്പാരം.

ഒന്നിലധികം വീഡിയോ ക്യാമറകൾ എല്ലാ ദൃശ്യങ്ങളും ഒപ്പിയെടുക്കുന്നു.

ആൾക്കൂട്ടത്തിനു നടുവിൽ അപരിചതരെപ്പോലെ ഔതച്ചനും മറിയക്കുട്ടിയും നിന്നു. അന്നമ്മ ചേടത്തിയുടേതല്ലാത്ത പരിചിതമായ ഒരു മുഖവും അവരവിടെ കണ്ടില്ല.

www.malankaralibrary.com

വെള്ള ഖദർ ജുബ്ബയും മുണ്ടും ധരിച്ച ഒരു മധ്യവയസ്കനും അയാളുടെ ഭാര്യയെന്നു തോന്നിക്കുന്ന നാല്പതു പിന്നിട്ട ആകർഷകമായി സാരിയുടുത്ത സുമുഖയായ ഒരു സ്ത്രീയുമാണ് ഓടിനടന്ന് എല്ലാ കാര്യങ്ങൾക്കും മേൽനോട്ടം വഹിക്കുന്നത്.

കൃത്യസമയത്തുതന്നെ കത്തീഡ്രൽ പള്ളി വികാരിയച്ചനെത്തി മൃതസംസ്കാര ചടങ്ങുകളാരംഭിച്ചു. ചരമപ്രസംഗത്തിനിടയിൽ അച്ചൻ പറഞ്ഞു. “അന്നമ്മചേടത്തിയുടെ മൂന്നു മക്കളും അവരുടെ കുടുംബവും മൂന്ന് വിദേശരാജ്യങ്ങളിലിരുന്ന് ഇന്നിവിടെ നടക്കുന്ന ചരമശുശ്രൂഷകളിൽ ലൈവായി ഭാഗഭാക്കാവുന്നുണ്ട്.”

ഔതച്ചനും മരിയക്കുട്ടിയും ഒന്നുപോലെ ദീർഘനിശ്വാസം പൊഴിച്ചു.

ഭവനത്തിലെ ചടങ്ങുകൾക്കുശേഷം മൃതദേഹവും വഹിച്ചുകൊണ്ട് ആംബുലൻസ് കത്തീഡ്രൽ ദേവാലയത്തിലേക്ക് യാത്രയായി. നിരവധി വാഹനങ്ങൾ അനുഗമിച്ചു. പള്ളിയിലെ പ്രാർഥനകൾക്കുശേഷം സെമിത്തേരിയിലെ ചാപ്പലിൽ അന്നമ്മചേടത്തിയെ കൊണ്ടുപോയി കിടത്തി. അവിടെ അന്തിമോപചാരമർപ്പിക്കാൻ ആളുകളുടെ നീണ്ട ക്യൂ രൂപപ്പെട്ടു. അനന്തരം വികാരനിർഭരമായ അന്ത്യചുംബനകർമ്മം.

സ്ത്രീകൾ പലരും കണ്ണീർവാർത്തു കരഞ്ഞു. ശോകം തളം കെട്ടിയ മുഖഭാവത്തോടെ പുരുഷൻമാർ ചുംബനകർമത്തിൽ പങ്കാളികളായി. എല്ലാ ചടങ്ങുകൾക്കു അന്നമ്മ ചേടത്തിയുടെ ചേതനയറ്റ ശരീരം കുടുബകല്ലറയിൽ അടക്കം ചെയ്തു.

ആകാശത്ത് മഴമേഘങ്ങൾ ഇരുണ്ടു കൂടി തുടങ്ങിയിരുന്നു.

ജനക്കൂട്ടം സെമിത്തേരി വിട്ടിറങ്ങി. പള്ളി മൈതാനത്തുനിന്നും വാഹനങ്ങൾ നിരനിരയായി പുറത്തേയ്ക്കൊഴുകി.

കത്തീഡ്രലിന്റെ വിശാലമായ പാർക്കിംഗ് ഗ്രൗണ്ടിൽ പാർക്ക് ചെയ്തിരുന്ന സ്വിഫ്റ്റ് കാറിന്റെ ബോണറ്റിൽ ചാരി ഡ്രൈവർ സോമൻ കാഴ്ചകൾ കണ്ടു നിൽക്കുകയാണ്.

ഖദർധാരിയായ മധ്യവയസ്കൻ ചരൽവിരിച്ച പള്ളിമുറ്റത്തൂടെ വെരുകിനെപ്പോലെ നടന്ന് മൊബൈലിൽ ആരോടോ കലഹിക്കുംപോലെ ഉച്ചത്തിൽ സംസാരിക്കുകയാണ്.

www.malankaralibrary.com

അയാളുടെ ഭാര്യ എന്നു തോന്നിപ്പിച്ച സ്ത്രീ പള്ളിയുടെ പിന്നാമ്പുറത്തെ ഞാവൽമരത്തിന്റെ ചുവട്ടിൽ കൈകൾ മാറത്തു പിണച്ചുകെട്ടി മദ്ധ്യവയസ്കന്റെ ചലനങ്ങൾ സാകൂതം ശ്രദ്ധിച്ചെന്നപോലെ സഗൗരവം നിലകൊള്ളുന്നു.

ഔതച്ചനും മറിയക്കുട്ടീം ആ സ്ത്രീക്കരികിലേക്ക് ചെന്നു.

"ഞങ്ങൾ ഇടുക്കി ജില്ലയിലെ ഏലപ്പാറയിൽ നിന്നും വന്നവരാ. കുറേ വർഷങ്ങൾക്കു മുമ്പ് അന്നമ്മചേടത്തീം ഞങ്ങളുമൊക്കെ അയൽവാസികളും ഒരു കുടുംബം പോലെ കഴിഞ്ഞവരുമാ. മറിയക്കുട്ടിയാ പറഞ്ഞത്.

ഗൗരവത്തിൽ നിന്ന സ്ത്രീയുടെ മുഖത്ത് നേർത്തൊരു പുഞ്ചിരി വിരിഞ്ഞു. അവർ മറിയക്കുട്ടിയുടെ കരം ഗ്രഹിച്ച് ആരാഞ്ഞു.

"എന്നതാ പേര്?"

"എന്റെ പേര് മറിയക്കുട്ടി. ഇതെന്റെ കെട്ടിയോൻ ഔതച്ചൻ. ഞങ്ങള് കൃഷിക്കാരാ"

"എന്റെ പേര് സ്റ്റെല്ല"

അവർ ദന്തനിര പ്രകടമാക്കി ചിരിച്ചു.

"അന്നമ്മചേടത്തീടെ?"

"സ്വന്തോം ബന്ധോം ഒന്നുമില്ല. ഞങ്ങൾ 'സായാഹ്നം' എന്ന സ്ഥാപനം നടത്തുന്നവരാ"

"സായാഹ്നമോ?"

"അതെ, മക്കൾ വിദേശത്തുള്ളവരുടെ മാതാപിതാക്കളെ സ്വന്തം നാട്ടിൽ, അവരുടെ വീട്ടിൽ ആവശ്യമായ എല്ലാ സംരക്ഷണവും പരിചരണവും കൊടുത്ത് പരിപാലിച്ച് കണ്ടില്ലേ, ഇന്നിവിടെ നടന്ന രാജകീയ യാത്രയയപ്പ്. അതുവരെ ഞങ്ങളുടെ സേവനത്തിൽ പെടും".

മറിയക്കുട്ടിയും ഔതച്ചനും കണ്ണുമിഴിച്ച് സ്റ്റെല്ലയെ നോക്കി.

സ്റ്റെല്ല പിന്നെയും ദന്തനിര പ്രകടമാക്കി.

"ശരിക്കങ്ങ് പിടികിട്ടില്ലല്ലേ. ഇന്നിവിടെ നടന്ന ഈ ശവസംസ്കാര കർമ്മത്തിലെ ഒറിജിനൽ കഥാപാത്രങ്ങൾ അന്നമ്മ ചേടത്തീയും ഈ പള്ളിയിലെ വികാരിയച്ചനും പിന്നെ കപ്യാരും മാത്രമാ. ബാക്കി ആൾക്കൂട്ടമൊക്കെ ഞങ്ങളുടെ സായാഹ്നം സൃഷ്ടിച്ചതാ"

www.malankaralibrary.com

"അപ്പോ, അന്ത്യചുംബനം നല്കിയ ബന്ധുക്കളും, കരഞ്ഞവരും കണ്ണീർ പൊഴിച്ചവരുമൊക്കയോ?"

"പറഞ്ഞില്ലേ, അതൊക്കെ ഞങ്ങടെ കഥാപാത്രങ്ങളാ"

"എന്റെടോ തമ്പുരാനേ..." മറിയക്കുട്ടി താടിക്ക് കൈത്താങ്ങി കൊടുത്ത് ചെറിയശബ്ദത്തിൽ നിലവിളിച്ചു

ഔതച്ചൻ പ്രതിമ കണക്കേ നിൽക്കുകയാണ്.

"ആട്ടെ നിങ്ങളുടെ മക്കളൊക്കെ?" സ്റ്റെല്ല തിരക്കി.

"ഒരു മോനും മോളുമാ. രണ്ടുപേരും കുടുംബത്തോടെ വിദേശത്താ. മോൻ അയർലണ്ടിലും മോളോസ്ട്രേലിയായിലും." മറിയക്കുട്ടി പറഞ്ഞു.

"ഓഹോ എന്നാൽ നിങ്ങൾക്കും തീർച്ചയായും ഞങ്ങളുടെ സേവനം ആവശ്യമായി വരും." സ്റ്റെല്ല ചിരിയോടെ പറഞ്ഞുകൊണ്ട് ധൃതിയിൽ തന്റെ കൈയിലിരുന്ന പേഴ്സ് തുറന്ന് ഒരു കാർഡ് എടുത്ത് മറിയക്കുട്ടിക്ക് നേരെ നീട്ടി. മറിയക്കുട്ടി യാന്ത്രികമായി ആ കാർഡ് വാങ്ങി.

"എന്താവശ്യമുണ്ടെങ്കിലും വിളിച്ചാ മതി."

ഈ സമയം ഖദർധാരിയായ മധ്യവയസ്കൻ ഫോൺ സംഭാഷണം അവസാനിപ്പിച്ച് കലിതുള്ളിയെന്നപോലെ അവർക്കരികിലെത്തി.

"വിദേശത്തുള്ളവളുമാർക്ക് ചിലവിന്റെ കണക്ക് അത്ര ബോധിച്ചില്ല. അമ്പതുലക്ഷം അത്ര വലിയ സംഖ്യയാണോ?"

ഇരുണ്ടുവന്ന അന്തരീക്ഷത്തിൽ പൊടുന്നെയൊരു മിന്നൽപ്പിണർ.. തടിനിർമ്മിതമായ വലിയ പത്തായം തുറക്കുന്ന ശബ്ദപ്രകടനത്തോടെ അന്തരീക്ഷം പ്രകമ്പനം കൊണ്ടു. ചരൽ വാരിയെറിയുന്ന ശബ്ദത്തോടെ മഴത്തുള്ളികൾ മുറ്റത്തേക്ക് വീണുടഞ്ഞുകൊണ്ടിരുന്നു.

സ്റ്റെല്ലായും മധ്യയസ്കനും പള്ളിമേടയിലേക്ക് ഓടി.

സോമൻ സ്വിഫ്റ്റുമായി മഴത്തുള്ളികളെ വകഞ്ഞുമാറ്റി ഞാവൽ മരത്തിനരുകിലേക്ക് വരുന്നുണ്ടായിരുന്നു.

*



**താളുകളിലൂടെ...**

www.malankaralibrary.com

LOGOS QUIZ

## കെസിബിസി ബൈബിൾ കമ്മീഷൻ
## ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ

(ന്യായാ 11:21, പ്രഭാ 41:50, ലൂക്കാ 17:24, എഫേ 1:6)

1. ശക്തനായ സേനാനിയായിരുന്ന ന്യായാധിപൻ ആര്?
   **ജഫ്താ (ന്യായാ 11:1)**

2. ജഫ്താ മിസ്പായിലുള്ള തന്റെ വീട്ടിലേക്കു വന്നപ്പോൾ തപ്പുകൊട്ടി നൃത്തംവച്ച് അവനെ എതിരേൽക്കാൻ വന്നതാരായിരുന്നു?
   **അവന്റെ മകൾ (ന്യായാ 11:34)**

3. ദലീലാ താമസിച്ചിരുന്നതെവിടെ?
   **സോറേക്കു താഴ്വരയിൽ (ന്യായാ 16 : 4)**

4. ആരാണ് സാംസന്റെ ശരീരം കൊണ്ടുപോയത്?
   **സഹോദരൻമാരും കുടുംബക്കാരും (ന്യായാ 16 : 31)**

5. ദേശം ഒറ്റുനോക്കുന്നതിന് പോയ അഞ്ചുപേർ മിക്കായുടെ ഭവനത്തിൽനിന്ന് പുറപ്പെട്ട് എത്തിച്ചേർന്നതെവിടെ?
   **ലായിഷിൽ (ന്യായാ 18 : 7)**

6. ദാൻഗോത്രത്തിൽനിന്നും പുറപ്പെട്ട അറുനൂറുപേർ പാളയമടിച്ച സ്ഥലം ഏതു പേരിലാണറിയപ്പെടുന്നത്?
   **മഹനേദാൻ എന്ന പേരിൽ (ന്യായാ 18 : 12)**

7. തുറസ്സായ സ്ഥലത്ത് ഇരുന്ന ലേവ്യന്റെ അടുക്കൽവന്ന വൃദ്ധൻ ഏതു നാട്ടുകാരനായിരുന്നു?
   **എഫ്രായിംമലനാട്ടുകാരൻ (ന്യായാ 19 : 16)**

8. ഗിബെയാപട്ടണത്തിനെതിരേ ഒറ്റക്കെട്ടായി നിന്നതാര്?
   **ഇസ്രായേൽ ജനം മുഴുവൻ (ന്യായാ 20 : 11)**

www.malankaralibrary.com

9. എണ്ണപ്പെട്ട എഴുനൂറുപ്രഗല്ഭന്മാർക്കു പുറമേ വാളെടുക്കാൻ പോന്ന എത്ര ബഞ്ചമിൻ ഗോത്രജരുണ്ടായിരുന്നു?
**ഇരുപത്താറായിരം ബഞ്ചമിൻ ഗോത്രജർ (ന്യായാ 20 : 15)**

10. ഇസ്രായേൽ ഒന്നടക്കം തങ്ങളുടെ സ്ഥാനങ്ങളിൽനിന്നു പുറപ്പെട്ട് ബഞ്ചമിൻഗോത്രക്കാർക്കെതിരെ അണിനിരന്നത് എവിടെയാണ്?
**ബാൽതാമാറിൽ (ന്യായാ 20 : 33)**

11. യാബേഷ് - ഗിലയാദ് നിവാസികളിൽ പുരുഷനെ അറിഞ്ഞിട്ടില്ലാത്ത എത്ര കന്യകമാർ ഉണ്ടായിരുന്നു ?
**നാനൂറു കന്യകമാർ (ന്യായാ 21 : 11)**

12. ഷീലോയിലെ യുവതികൾ നൃത്തംചെയ്യാൻ വരുന്നതു കാണുമ്പോൾമുന്തിരിത്തോട്ടത്തിൽനിന്നു പുറത്തുവന്ന് ഓരോരുത്തരും ഓരോ സ്ത്രീയെ പിടിച്ചു ഭാര്യയാക്കി ബഞ്ചമിൻ ദേശത്തേക്കു പോകുവിൻ. ആരാണ് ബഞ്ചമിൻകാരോട് ഇങ്ങനെ നിർദേശിച്ചത് ?
**സമൂഹത്തിലെ ശ്രേഷ്ഠന്മാർ (ന്യായാ 21 : 16.21)**

13. എങ്ങനെയുള്ള പിതാവിനെയാണ് മക്കൾ കുറ്റപ്പെടുത്തുന്നത് ?
**ദൈവഭയമില്ലാത്ത പിതാവിനെ (പ്രഭാ 41 : 7)**

14. വചനം വഴി നിർവഹിക്കപ്പെടുന്നതെന്ത്?
**കർത്താവിന്റെ പ്രവൃത്തികൾ (പ്രഭാ 42 : 15)**

15. സ്വർഗീയൗന്നത്യത്തിൻെറ അഭിമാനം എന്ത് ?
**തെളിഞ്ഞ ആകാശവിതാനം (പ്രഭാ 43 : 1)**

16. എങ്ങനെയാണ് മഞ്ഞ് ഇറങ്ങിവരുന്നത്?
**വെട്ടുകിളിപ്പറ്റംപോലെ (പ്രഭാ 43 : 17)**

17. കർത്താവ് ആദിമുതൽത്തന്നെ മഹത്തുക്കൾക്കും നമ്മുടെ പൂർവപിതാക്കന്മാർക്കും ഓഹരിയായി നൽകിയതെന്ത്?
**തൻെറ പ്രതാപവും മഹത്വവും (പ്രഭാ 44 : 2)**

www.malankaralibrary.com

18. അവരുടെ മക്കളും അവയ്ക്കുവേണ്ടി നിലകൊള്ളും. അവ എന്ത്?
**ഉടമ്പടികൾ (പ്രഭാ 44 : 12)**

19. ആർക്കാണ് മഹത്വത്തിന്റെ മൂന്നാംസ്ഥാനം?
**എലെയാസറിന്റെ പുത്രനായ ഫിനെഹാസിന് (പ്രഭാ 45 :23)**

20. യുദ്ധവീരനും പ്രവാചകന്മാരിൽ മോശയുടെ പിൻഗാമിയും ആയിരുന്നതാര്?
**നൂനിന്റെ പുത്രൻ ജോഷ്വ (പ്രഭാ 46 :1)**

21. വാക്കുകളിലൂടെ വിശ്വാസ്യനായ ദീർഘദർശിയായി അറിയപ്പെട്ടതാര്?
**സാമുവൽ (പ്രഭാ 46 :15)**

22. ആരുടെ വിജ്ഞാനമാണ് നദിപോലെ കവിഞ്ഞൊഴുകിയത്?
**സോളമന്റെ വിജ്ഞാനം (പ്രഭാ 47 :14)**

23. യൂദാരാജവംശം മറ്റുള്ളവർക്ക് അടിയറവച്ചതെന്ത്?
**അധികാരം (പ്രഭാ 49 :5)**

24. പൂമാലപോലെ ശിമയോനെ ചുറ്റിനിന്നതാര്?
**സഹോദരന്മാർ (പ്രഭാ 50 : 12)**

25. ആരുടെ ദിവസങ്ങളിൽ സംഭവിച്ചതുപോലെയായിരിക്കും മനുഷ്യപുത്രന്റെ ദിവസങ്ങളിലും സംഭവിക്കുക എന്നാണ് യേശു പറഞ്ഞത്?
**നോഹയുടെ ദിവസങ്ങളിൽ (ലൂക്കാ 17:26)**

26. മനുഷ്യപുത്രന്റെ ആഗമനദിവസം രണ്ടുപേർ ഒരുമിച്ച് ധാന്യം പൊടിച്ചുകൊണ്ടിരിക്കും. ഒരുവൾ എടുക്കപ്പെടും മറ്റവൾ അവശേഷിക്കും. അവർ ആര്?
**രണ്ടു സ്ത്രീകൾ (ലൂക്കാ 17:35)**

www.malankaralibrary.com

27. ''നീതിരഹിതനായ ആ ന്യായാധിപൻ പറഞ്ഞതെന്തെന്ന് ശ്രദ്ധിക്കുവിൻ.'' ആരാണിതു പറഞ്ഞത്?
**കർത്താവ് (ലൂക്കാ 18:6)**

28. ''മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്.'' എന്തിനെ സൂചിപ്പിച്ചുകൊണ്ടാണ് യേശു ഇപ്രകാരം പ്രബോധനം നൽകിയത്?
**രക്ഷ (ലൂക്കാ 18:27)**

29. പത്തുനാണയത്തിന്റെ ഉപമയിൽ ദൂരദേശത്തേക്ക് പുറപ്പെട്ട പ്രഭു എന്തു സ്വീകരിച്ചാണ് തിരിച്ചുവന്നത്?
**രാജപദവി (ലൂക്കാ 19:15)**

30. രാജകീയ ജറുസലേം പ്രവേശനം നടത്തുന്നതിനായി കൊണ്ടുവന്ന കഴുതക്കുട്ടിയുടെ പുറത്ത് യേശുവിനെ ഇരുത്തുന്നതിനു മുമ്പായി ശിഷ്യന്മാർ വിരിച്ചതെന്ത്?
**തങ്ങളുടെ വസ്ത്രങ്ങൾ (ലൂക്കാ 19:35)**

31. ജറുസലേമിൽ എത്തിച്ചേർന്ന യേശു എവിടെയാണ് പ്രവേശിച്ചത്? **ദേവാലയത്തിൽ (ലൂക്കാ 19:45)**

32. വിവാഹം ചെയ്യുകയും ചെയ്തുകൊടുക്കുകയും ചെയ്യുന്നത് എങ്ങനെയുള്ള സന്താനങ്ങളെന്നാണ് യേശു പറയുന്നത്?
**ഈ യുഗത്തിന്റെ സന്താനങ്ങൾ (ലൂക്കാ 20:34)**

33. പ്രതികാരത്തിന്റെ ദിവസങ്ങളിൽ ശിഷ്യന്മാർ തടവുകാരായി കൊണ്ടു പോകപ്പെടുന്നത് എങ്ങോട്ട്?
**എല്ലാ ജനതകളിലേക്കും (ലൂക്കാ 21:24)**

34. പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിനത്തിൽ (പെസഹാ) എന്തിനെയായിരുന്നു ബലികഴിക്കേണ്ടിയിരുന്നത്?
**പെസഹാക്കുഞ്ഞാടിനെ (ലൂക്കാ 22:7)**

www.malankaralibrary.com

35. തീവ്രവേദനയിൽ മുഴുകിയുള്ള യേശുവിന്റെ ഗത്സെമനിയിലെ പ്രാർത്ഥനയിൽ അവിടുത്തെ വിയർപ്പ് എന്തുപോലെയാണ് നിലത്ത് വീണത്?
**രക്തത്തുള്ളികൾ പോലെ (ലൂക്കാ 22:44)**

36. വിചാരണവേളയിൽ യേശുവിനോടു പലതും ചോദിച്ചെങ്കിലും അവിടുന്നിൽനിന്ന് ഒരു ഉത്തരവും ലഭിക്കാത്ത ഭരണാധികാരി?
**ഹേറോദേസ് (ലൂക്കാ 23:9)**

37. കുരിശിൽ കിടക്കുന്ന യേശുവിന് കുടിക്കാനായി പടയാളികൾ കൊടുത്തതെന്ത്?
**വിനാഗിരി (ലൂക്കാ 23:36)**

38. ''നീ യഹൂദരുടെ രാജാവാണെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക.'' ഇപ്രകാരം പറഞ്ഞതാര്?
**പടയാളികൾ (ലൂക്കാ 23:36-37)**

39. കുരിശിൽനിന്നിറക്കിയ യേശുവിന്റെ ശരീരം എന്തുകൊണ്ടാണ് പൊതിഞ്ഞത്?
**തുണികൊണ്ട് (ലൂക്കാ 23:53)**

40. കർത്താവിന്റെ ഉത്ഥാനദിവസം ജറുസലേമിൽനിന്ന് രണ്ടു ശിഷ്യന്മാർ ഏതുഗ്രാമത്തിലേക്കു പോയെന്നാണ് ലൂക്കാ സുവിശേഷകൻ എഴുതുന്നത്?
**എമ്മാവൂസ് (ലൂക്കാ 24:13)**

41. യേശു നൽകിയ വിശുദ്ധ ലിഖിതങ്ങളുടെ വ്യാഖ്യാനം ശ്രവിച്ച എമ്മാവൂസിലെ ശിഷ്യന്മാർക്ക് എന്തു മാറ്റമാണുണ്ടായത്?
**അവരുടെ ഹൃദയം ജ്വലിച്ചു (ലൂക്കാ 24:32)**

42. ലൂക്കായുടെ സുവിശേഷം ആരംഭിക്കുന്നതും അവസാനിക്കുന്നതും എന്തിനെക്കുറിച്ചുള്ള പരാമർശത്തോടെയാണ്?
**ദേവാലയത്തെക്കുറിച്ച് (1:11) (24:53)**

www.malankaralibrary.com

43. ലൂക്കാ 24:13 ൽ ചില കൈയെഴുത്തുപ്രതികളിൽ കാണുന്ന തെന്ത്? **നൂറ്ററുപത് സ്താദിയോൺ എന്ന്**

44. എല്ലാ വസ്തുക്കളെയും ക്രിസ്തുവിന്റെ പാദങ്ങൾക്കു കീഴിലാക്കിയ ദൈവം അവനെ എല്ലാറ്റിനും മുകളിൽ എന്തായിട്ടാണ് നിയമിച്ചത്? **സഭയ്ക്കു തലവനായി (എഫേ 1:22)**

45. മൃതരായിരുന്നപ്പോൾ എഫേസോസുകാർ പിന്തുടർന്നിരുന്നത് എന്താണ്? **ഈ ലോകത്തിന്റെ ഗതി (എഫേ 2:2)**

46. യേശുക്രിസ്തു ഒരേ ശരീരത്തിൽ ഇരുകൂട്ടരെയും ദൈവത്തോട് അനുരഞ്ജിപ്പിച്ചത് എന്തു വഴിയാണ്? **കുരിശുവഴി (എഫേ 2:16)**

47. വിശ്വാസംവഴി എഫേസോസുകാരുടെ ഹൃദയങ്ങളിൽ ആരു വസിക്കണമെന്നാണ് പൗലോസ് പ്രാർത്ഥിക്കുന്നത്?
**ക്രിസ്തു (എഫേ 3:17)**

48. എഫേ. 4:1 പ്രകാരം പൗലോസ് തടവുകാരനായിത്തീർന്നിരിക്കുന്നത് ആർക്കുവേണ്ടിയാണ്? **കർത്താവിനുവേണ്ടി (എഫേ 4:1)**

49. നിങ്ങളുടെ കോപം എപ്പോൾ വരെ നീണ്ടുപോകാതിരിക്കട്ടെ എന്നാണ് പൗലോസ് പറയുന്നത്
**സൂര്യൻ അസ്തമിക്കുന്നതുവരെ (എഫേ 4:26)**

50. ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തതിന് ശക്തരാക്കുന്ന ആയുധം ഏത്?
**വിശ്വാസത്തിന്റെ പരിച (എഫേ 6:16)**


**ലോഗോസ് രൂപതാതല പരീക്ഷയ്ക്ക് ഈ ചോദ്യങ്ങൾ ഏറെ പ്രയോജനകരമാണ്**

www.malankaralibrary.com



# പിഒസിയിൽ പഠനശിബിരം നടത്തി






കൊച്ചി: മെയ് 17-ാം തിയതി ശനിയാഴ്ച്ച ഫ്രാൻസിസ് മാർപാപ്പയുടെ ഏറ്റവും പുതിയ ചാക്രികലേഖനമായ അവൻ നമ്മെ സ്നേഹിച്ചു Dilexit nos എന്ന വിഷയത്തെ ആസ്പദമാക്കി പഠനശിബിരം സംഘടിപ്പിച്ചു. പിഒസി ഡയറക്ടർ റവ. ഫാ. തോമസ് തറയിൽ അധ്യക്ഷനായിരുന്നു. റവ. ഡോ. ജേക്കബ് പ്രസാദ്, റവ. ഡോ. ഷാജി ജെർമൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു. പിഒസി ഡീൻ ഓഫ് സ്റ്റഡീസ് റവ. ഫാ. ടോണി കോഴിമണ്ണിൽ നേതൃത്വം നൽകി. രാവിലെ 9.30ന് ആരംഭിച്ച ക്ലാസ്സ് ഉച്ചയ്ക്ക് 2.30 നോടു കൂടി അവസാനിച്ചു.

www.malankaralibrary.com

വാർത്തകൾ

# കെസിബിസി - ഫാ. മാത്യു നടക്കൽ മതാധ്യാപക അവാർഡുകൾ നല്കി




കൊച്ചി: കത്തോലിക്കാസഭയുടെ മതബോധനരംഗത്ത് തനതായ സംഭാവനകൾ നല്കുന്നവർക്കായി ഏർപ്പെടുത്തിയിട്ടുള്ള 'കെസിബിസി - ഫാ. മാത്യു നടക്കൽ മതാധ്യാപക അവാർഡ്' വരാപ്പുഴ അതിരൂപതയുടെ സെന്റ് ആൽബർട്ട്സ് കോളേജ് - പാപ്പാളി ഹാളിൽ വച്ച് നല്കുകയുണ്ടായി. കത്തോലിക്കാസഭയിലെ മൂന്നു റീത്തുകളിൽ നിന്നുമുള്ള മതാധ്യാപകർക്കാണ് അവാർഡു വിതരണം ചെയ്തത്. ഡോ. ജെയിംസ് ടി. ജോസഫ് തിരുവനന്തപുരം മേജർ അതിരൂപത, ശ്രീ. യു.കെ. സ്റ്റീഫൻ കോട്ടയം അതിരൂപത, ശ്രീ. ജോസഫ് അലോഷ്യസ് വരാപ്പുഴ അതിരൂപത എന്നിവർക്കാണ് അവാർഡുകൾ നല്കിയത്. ചടങ്ങിൽ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. തോമസ് തറയിൽ അധ്യക്ഷനായിരുന്നു. വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ. ആന്റണി വാലുങ്കൽ സമ്മേളനം ഉദ്ഘാടനം ചെയ്ത് അവാർഡുകൾ നല്കി. പിഒസി ഡീൻ ഓഫ് സ്റ്റഡീസ് ഫാ. ടോണി കോഴിമണ്ണിൽ, ഡോ. ജെയിംസ് ടി. ജോസഫ്, റവ. ഫാ. വിൻസന്റ് നടുവിലെപറമ്പിൽ എന്നിവർ പ്രസംഗിച്ചു. നടക്കൽ കുടുംബത്തെ പ്രതിനിധീകരിച്ച് റവ. ഫാ. ജോർജ് നടക്കൽ സന്നിഹിതനായിരുന്നു.

www.malankaralibrary.com



# ബധിരരായ യുവതി യുവാക്കൾക്കു വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്



കൊച്ചി: ബധിരരായ യുവതിയുവാക്കൾക്കുവേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് മെയ് 17,18 തീയതികളിലായി പാലാരിവട്ടം പിഒസിയിൽ വച്ച് നടന്നു. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ക്ലീറ്റസ് കതിർപറമ്പിൽ സ്വാഗതം ചെയ്തു. കെസിബിസി മീഡിയ കമ്മീഷൻ സെക്രട്ടറി റവ. ഫാ. മിൽട്ടൻ സെബാസ്റ്റ്യൻ ആശംസ അർപ്പിച്ചു.

റവ. സി. അഭയ എഫ്സിസി, റവ. ഫാ. ജെൻസ്റ്റൺ, റവ. ഫാ. ജോസഫ്, ഡോ ടോണി ജോസഫ്, ശ്രീമതി കുഞ്ഞുമോൾ സിറിയക്, ശ്രീമതി ലിൻസി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

www.malankaralibrary.com



# ബൈബിൾ സർട്ടിഫിക്കറ്റ് കോഴ്സ് 2025 പാലാരിവട്ടം പിഒസിയിൽ വച്ച്

കൊച്ചി: 2025 ജൂൺ 4 മുതൽ 2026 മാർച്ച് 18 വരെ എല്ലാ ബുധനാഴ്ചകളിലും കെസിബിസി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് വൈകിട്ട് 5.45 മുതൽ 7.30 വരെ ക്ലാസ്സുകൾ നടത്തപ്പെടുന്നു.

കേരളത്തിലെ പ്രമുഖ ബൈബിൾ പണ്ഡിതർ ക്ലാസുകളെടുക്കുന്നു. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പ്രധാനപ്പെട്ട സ്ഥലങ്ങളും അവയുടെ പ്രാധാന്യവുമാണ് ഈ കോഴ്സിന്റെ പഠന വിഷയം. 2025 ജൂൺ ഒന്നിന് മുമ്പായി റെജിസ്റ്റർ ചെയ്യണം. റെജിസ്റ്റർ ചെയ്യാൻ പി.ഒ.സിയിൽ നേരിട്ട് വരികയോ താഴെ കാണുന്ന നമ്പറിലോ വിളിക്കുക. **7012304035, 9400544137.**

# നവസംവിധായകർക്കുള്ള ജോൺ പോൾ പുരസ്ക്കാരം 'രേഖാചിത്രത്തിന്റെ' സംവിധായകൻ ശ്രീ. ജോഫിൻ ടി ചാക്കോയ്ക്ക്

കൊച്ചി: മലയാളം ചലച്ചിത്രരംഗത്തെ പ്രശസ്തനായ തിരക്കഥാകൃത്ത് ജോൺ പോളിന്റെ അനുസ്മരണാർത്ഥം കേരള കത്തോലിക്കാ ബിഷപ്പ്സ് കൗസിൽ (കെസിബിസി) മീഡിയ കമ്മീഷൻ ഏർപ്പെടുത്തിയ നവസംവിധായകർക്കുള്ള ജോൺ പോൾ പുരസ്കാരം പ്രഖ്യാപിച്ചു. രേഖാചിത്രത്തിന്റെ സംവിധായകൻ ശ്രീ ജോഫിൻ ടി ചാക്കോയാണ് പുരസ്ക്കാരത്തിന് അർഹനായത്. പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ

www.malankaralibrary.com



മെയ് 15 നു നടന്ന ജോൺ പോൾ അനുസ്മരണ സമ്മേളനത്തിൽ കെ സി ബി സി ഡപ്യൂട്ടി സെക്രട്ടറിയും പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ ഡയറക്ടറുമായ ഫാ. തോമസ് തറയിലാണ് പ്രഖ്യാപനം നടത്തിയത്. പ്രഫ. കെ. എം. സാനു, കെ സി ബി സി മാധ്യമ സെക്രട്ടറി. ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ ടി. എം എബ്രാഹം, സി. സ്മിത, സി ജെ രാജഗോപാൽ എന്നിവർ സംസാരിച്ചു.

## കെസിബിസി മീഡിയ മിഷൻ 2025 – പി ഓ സി, പാലാരിവട്ടം

കൊച്ചി: കേരള കത്തോലിക്ക ബിഷപ്പ്സ് കൗൺസിലിന്റെ (കെസിബിസി) മീഡിയ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിബിസി മീഡിയ മിഷൻ 2025 എന്ന മീഡിയ ഡയറക്ടേഴ്സ് മീറ്റിംഗും സെമിനാറും മേയ് 15 വ്യാഴാഴ്ച പി ഓ സിയിൽ നടന്നു. പുതിയ സാങ്കേതിക വിദ്യകളെ സഭയുടെയും സമൂഹ ത്തിന്റെയും ശുശ്രൂഷയ്ക്കായി ഉപയോഗപ്പെടുത്തി സഭയുടെ മാധ്യമപ്രവർത്തനത്തെ കൂടുതൽ ഫലപ്രദമാക്കുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു സംഗമം.

രാവിലെ 9:30ന് ആരംഭിച്ച പരിപാടിയുടെ ആദ്യസെഷനിൽ, പ്രശസ്ത ചലച്ചിത്ര പ്രവർത്തകനായ മിസ്റ്റർ രവീന്ദ്രൻ നയിച്ച 'ആധുനിക കാലത്തെ പത്ത് കല്പനകൾ ഒരു ദൃശ്യാവിഷ്കാരം' എന്ന വിഷയത്തിൽ നടത്തിയ സംവാദം ശ്രദ്ധേയമായി.

രണ്ടാമത്തെ സെഷനിൽ, തമിഴ്നാട്ടിലെ സെന്റ് ജോസഫ് കോളേജ് (തൃശ്ശി) അസിസ്റ്റന്റ് പ്രൊഫസറായ പ്രൊഫ. വിമൽ ജെറാൾഡ് നയിച്ച 'ആർട്ടിഫിഷ്യൽ ഇന്റലിജൻസും സഭയും പ്രായോഗിക സമീപനം' എന്ന ക്ലാസ്സിലൂടെ, Artificial Intelligence സഭയുടെ ശുശ്രൂഷയിൽ എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള ആഴത്തിലുള്ള ചിന്തനമുണ്ടായി. 3:30ന് നടന്ന സമാപന ചടങ്ങിൽ

www.malankaralibrary.com



ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള മീഡിയ ഡയറക്ടേഴ്സും, വിവിധ സന്യാസ സഭകളിലെ മീഡിയ പ്രവർത്തകരും സെമിനാറിൽ പങ്കെടുത്തു. സെമിനാർ വൈകിട്ട് 4 ന് സമാപിച്ചു. സഭയുടെ ദൗത്യ പ്രവർത്തനങ്ങളിൽ പുതിയ മാധ്യമങ്ങൾക്കുള്ള സാധ്യതകൾ കേന്ദ്രീകരിച്ചുള്ള ഈ സംഗമം വലിയ വിജയമായി മാറി.

കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിലും സാഹിത്യരംഗത്തു നിറഞ്ഞുനിന്ന ജോൺ പോൾ എല്ലാ മേഖലകളിലും കേരളത്തിന് അവിസ്മരണീയമായ സംഭാവന തന്ന് തന്റെ വ്യക്തിമുദ്ര കേരള ചരിത്രത്തിൽ തന്നെ സ്ഥാപിച്ച വ്യക്തിയാണ്. പ്രഫ. കെ. എം. സാനു.

## മലയാളം ചലച്ചിത്രരംഗത്തെ വിഖ്യാതൻ ജോൺ പോളിന് കെ സി ബി സി മീഡിയ കമ്മീഷന്റെ അനുസ്മരണം പാലാരിവട്ടം, മേയ് 15 :

കൊച്ചി: മലയാളം ചലച്ചിത്രരംഗത്തെ പ്രശസ്തമായ തിരക്കഥാകൃത്ത്, ജോൺ പോളിന്റെ അനുസ്മരണം കേരള കത്തോലിക്കാ ബിഷപ്പ്സ് കൗൺസിൽ (കെസിബിസി) മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ പാസ്റ്ററൽ ഓറിയൻറേഷൻ സെന്ററിൽ മെയ് 15 നു നടന്നു. പരിപാടി പ്രാർത്ഥനയോടെ ആരംഭിച്ചു. മാധ്യമ സെക്രട്ടറിയായ ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ സ്വാഗതം ആശംസിച്ചു. ഫാ. തോമസ് തറയിൽ, പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ ഡയറക്ടർ, പരിപാടി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ജോൺ പോൾ മലയാള സിനിമയിലെ മൗലിക സങ്കൽപ്പങ്ങളെയും സാമൂഹിക മൂല്യങ്ങളെയും പതിയുന്ന തരത്തിൽ കഥകൾ തീർക്കുന്നതിൽ അതുല്യനായ വ്യക്തിയാണെന്ന് അദ്ദേഹം പറഞ്ഞു.

www.malankaralibrary.com



പ്രഫ. കെ. എം. സാനു ജോൺ പോൾ അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ സാംസ്ക്കാരികമണ്ഡലത്തിലും സാഹിത്യരംഗത്തു നിറഞ്ഞുനിന്ന ജോൺ പോൾ എല്ലാ മേഖലകളിലും കേരളത്തിന് അവിസ്മരണീയമായ സംഭാവന തന്ന് തന്റെ വ്യക്തി മുദ്ര കേരള ചരിത്രത്തിൽതന്നെ സ്ഥാപിച്ച വ്യക്തിയാണെന്ന് അഭിപ്രായപ്പെട്ടു. ജോൺ പോളിന്റെ ജീവിതം കലയും വിശ്വാസവും സാമൂഹിക ബോധവുമൊക്കെ ഒത്തുചേർന്ന പ്രബലമായ ഉദാഹരണമായിരുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ടി. എം എബ്രാഹം, സി. സ്മിത, രാജഗോപാൽ മുത്തു തുടങ്ങിയവർ ജോൺ പോളിനേയും അദ്ദേഹത്തിന്റെ കൃതികളും ജീവിതവുമെല്ലാം ഓർക്കുകയും അനുസ്മരണ പ്രസംഗങ്ങൾ നടത്തുകയും ചെയ്തു.

മലയാള സിനിമയ്ക്ക് പുതിയ ദിശകൾ നൽകിയ ജോൺ പോളിന്റെ സംഭാവനകൾ വീണ്ടും ഓർമ്മപ്പെടുത്തി, ഈ തലമുറയ്ക്കും വരാനിരിക്കുന്നത്ക്കും പ്രചോദനമാകുന്ന ഒരു സ്മരണയായി പരിപാടി മാറി.

# സന്യസ്തർക്കായി മൂന്നു ദിന ശിൽപ്പശാല സംഘടിപ്പിച്ചു

കൊച്ചി: 'ഞങ്ങൾ സന്തുഷ്ടരാണ്' എന്ന പേരിൽ സന്യസ്ത സമൂഹങ്ങളിലെ അംഗങ്ങൾക്കായി മൂന്നു ദിന ശിൽപ്പശാല പിഒസിയിൽ വച്ച് സംഘടിപ്പിക്കപ്പെട്ടു. സന്യാസജീവിത ശാക്തീകരണം ലക്ഷ്യമാക്കിയുള്ള പ്രസ്തുത ശിൽപ്പശാല സംഘടിപ്പിച്ചത് കെസിബിസി ജാഗ്രത കമ്മീഷന്റെയും കെ സി എം എസിന്റേയും സംയുക്ത മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സന്യസ്ത കൂട്ടായ്മയായ വോയ്സ് ഓഫ് നൺസ് ആണ്.

www.malankaralibrary.com



മെയ് 16 മുതൽ 18 വരെ നടന്ന ശിൽപ്പശാലയിൽ പതിനഞ്ച് സന്യാസ സമൂഹങ്ങളുടെ പ്രതിനിധികളായി 30 സന്യസ്തർ പരിശീലനം നേടി.

ചാവറ മൈൻഡ് കെയർ ഡയറക്ടർ സി. റീമ ഗ്രെയ്സ് സിഎംസി, ഫാ. സൈജു തുരുത്തിയിൽ എംസിബിഎസ്, സൈക്കോളജിസ്റ്റ് സി. അന്ന മരിയ എസ്എച്ച്, എയ്റോബിക്സ് ട്രെയിനർ മിസ് സാന്ദ്ര സിബി തുടങ്ങിയവരായിരുന്നു പരിശീലകർ. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. തോമസ് തറയിൽ ശിൽപ്പശാല ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.



ഫോട്ടോ: ഫാ. തോമസ് തറയിൽ ശിൽപ്പശാല ഉദ്ഘാടനം ചെയ്യുന്നു. മിസ് സാന്ദ്ര സിബി, സി. അന്ന മരിയ എസ്എച്ച്, സി. റീമ ഗ്രെയ്സ് സിഎംസി, സി. സോണിയ തെരേസ് ഡിഎസ്ജെ, ഫാ. മൈക്കിൾ പുളിക്കൽ സിഎംഐ, സി. ബിൻസി സിഎംസി എന്നിവർ സമീപം.

www.malankaralibrary.com



# പിഒസിയിൽ വാരാന്ത്യ മനശാസ്ത്ര കോഴ്സ്

കൊച്ചി: കേരള കത്തോലിക്കസഭയുടെ ആസ്ഥാനകാര്യാലയമായ പാലാരിവട്ടം പി.ഒ.സി. യിൽ പാസ്റ്ററൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ, വ്യക്തിത്വവികാസവും മാനസികാരോഗ്യവും നേടാനും നല്കാനും സഹായകമായ വാരാന്ത്യ ഡിപ്ലോമകോഴ്സ് ആരംഭിക്കുന്നു.

മാനസികപ്രശ്നങ്ങൾ വർദ്ധിക്കുന്ന ഇക്കാലത്ത് സ്വയം മനസ്സിലാക്കാനും മറ്റുള്ളവരെ സഹായിക്കാനും ഉതകുന്ന പരിശീലനമാണ് കോഴ്സിൽ നല്കുന്നത്. വ്യക്തിവികസനം നേടൽ, വൈകാരിക പക്വത കൈവരിക്കൽ, മാനസികസംഘർഷങ്ങൾ ഇല്ലാതാക്കൽ, മദ്യം മയക്കുമരുന്ന് ആസ്ക്തികളിൽ നിന്നും മോചനം, കൗൺസിലിംഗ്, വിദ്യാഭ്യാസ മനഃശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ പ്രശസ്ത മനഃശാസ്ത്രവിദഗ്ധർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കുന്നു.

ജാതിമതഭേദമില്ലാതെ, 20 വയസ്സു മുതൽ പ്രായമുള്ളവരും എസ്. എസ്.എൽ.സി വരെയെങ്കിലും പഠിച്ചിട്ടുള്ളവരുമായവർക്ക് പങ്കെടുക്കാവുന്ന ഈ കോഴ്സിന്റെ മാധ്യമം മലയാളമായിരിക്കും. കോഴ്സ് ഫീസ് 5000 രൂപ. 2025 ജൂൺ മുതൽ 2026 മാർച്ച് വരെയാണ് കോഴ്സ് കാലാവധി. എല്ലാ ശനിയാഴ്ച്ചകളിലും ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെയാണ് ക്ലാസുകൾ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിൽ ബന്ധപ്പെടുക.

| | |
|---|---|
| 9447441109 | 8113876979 |

താളുകളിലൂടെ...

www.malankaralibrary.com

**സമീക്ഷകൻ**

# ദൈവവുമായുള്ള രമ്യതയാണ് പ്രധാനം !

കഴിഞ്ഞവർഷം കേന്ദ്രസർക്കാർ പുറത്തിറക്കിയ ധവളപത്രത്തിൽ തൊഴിലില്ലായ്മ പരാമർശിക്കുന്നില്ല, റെയിൽവേയിൽമാത്രം നികത്തപ്പെടാത്ത 10ലക്ഷത്തിലേറെ തസ്തികകളുണ്ട്. ഇന്ത്യയിൽ തൊഴിലുള്ളവരിൽ 5-ൽ ഒരാൾക്കുമാത്രമാണ് സ്ഥിരശമ്പളമുള്ളത്. കേന്ദ്രസർവകലാശാലകളിലെ അധ്യാപകരിൽ 4000-ൽ ഏറെപേർ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. കേരളത്തിൽ തൊഴിലില്ലായ്മാനിരക്ക് 7.2 ശതമാനമാണെങ്കിൽ ദേശീയനിരക്ക് 3.2 ശതമാനം മാത്രമാണ്. കേരളത്തിലെ 16,000 അധ്യാപകർക്ക് സ്ഥിരം നിയമനം നൽകാൻ സർക്കാർ സന്നദ്ധരായിട്ടില്ല. സംസ്ഥാനത്ത് 18 വയസ്സിൽ താഴെയുള്ള 391 പേർ കഴിഞ്ഞവർഷം ആത്മഹത്യ ചെയ്തുവെങ്കിലും ഇതു സംബന്ധിച്ച് പൊലീസ് അന്വേഷണമൊന്നും നടക്കുന്നില്ല.

മേൽവിവരിച്ച കണക്കുകൾ നമ്മുടെ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളുടെയും മാനസിക സംഘർഷങ്ങളുടെയും സൂചകങ്ങളാണ്. വിഭജിതമായ ഒരുലോകത്ത് വിഭജിതഹൃദയത്തോടെ ജീവിക്കുന്ന നമ്മുടെ യുവജനങ്ങളെ സമാധാനപാതകളിലേക്ക് നയിക്കാനുള്ള തീവ്രയത്നങ്ങൾ നടക്കേണ്ടത്. ഈ സന്ദർഭത്തിൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ യുവജനങ്ങൾക്ക് നൽകിയ ദൗത്യം ക്രൈസ്തവരായ നാം ഓർമ്മിക്കേണ്ടതുണ്ട്. 'യുവജനങ്ങളുടെ ചുറുചുറുക്കും തീക്ഷ്ണതയും അവരുടെ ഐക്യദാർഢ്യതയുടെയും പ്രത്യാശയുടെയും ചൈതന്യവും ഭിന്നിക്കപ്പെട്ട ലോകത്തിൽ അവരെ സമാധാനസംസ്ഥാപകരാക്കും' (ഏഷ്യയിലെ സഭ, നമ്പർ 47).


ദൈവത്തെ മറന്നു ജീവിക്കുന്നവരെപ്പറ്റി മഹാകവി അക്കിത്തത്തിന്റെ നാലുവരി കവിത ഇങ്ങനെ: 'പുല്ലാണവന് കാന്താരം/ പർവതം. പാഴ്മണൽത്തരി / സമുദ്രമിറ വെള്ളം / വീണ്ടലം കുടവട്ടവും!'

നമുക്കു ചുറ്റുമുയരുന്ന വിദ്വേഷത്തിന്റെ വെറുപ്പിന്റെയും സർപ്പനാവുകൾ അരിഞ്ഞുകളയാൻ, നമ്മുടെ ഉള്ളിൽ ദൈവം രൂപപ്പെടുത്തുന്ന വിശുദ്ധിയുടെ വാൾത്തലപ്പുകൾക്കേ കഴിയൂ. ഉള്ളിൽ നിറയുന്ന ദൈവത്തോടൊപ്പമുള്ള ചേർന്നു നടക്കൽ ശീലിക്കാനാണ് ഇന്നത്തെ യുവത എപ്പോഴും ജാഗ്രത പുലർത്തേണ്ടത്.

– ആന്റണി ചടയംമുറി –

**താളുകളിലൂടെ...**

www.malankaralibrary.com



www.malankaralibrary.com

TALENT May - June 2025
Total Pages : 68 PRICE per copy : Rs. 15
RNI No. KER/MAL/29523/78

*High Quality Printing with Divinity*

DIVINE
PRINTERS & PUBLISHERS


HEIDELBERG - 4 COLOUR


WEB OFFSET

- Multicolour Offset Printing
- Web Offset Printing
- CTP Unit
- Skilled Workers


HEIDELBERG - CTP

DIVINE NAGAR, MURINGOOR, CHALAKUDY

9745027755
8547606815

ctpdivine@gmail.com
ctpdivine2017@gmail.com
dtpdivine@gmail.com

Printed and published by Fr. Thomas Tharayil for Talent Publication Society,
P.O.C., Palarivattom, Kochi - 682 025
Printed at Divine Printers, Muringoor, Chalakudy. Chief Editor : Fr. Jolly Vadakken